# ക്രൈസ്തവ വനിത

July - August 2013



A fundamental Christian bi-monthly publication
of the women, by the women, for the women

# CHRISTIAN *WOMAN*

Telephone 0471-244-8079
E-mail: jamesmundakayam@gnmindia.org Mob: 9496261095

**Editorial Board**

Mrs. Annamma C. John — Chief Editor
Mrs. Mary Anchan — Associate Editor

**Sub Editors**

Mrs. Sherine Kingston — Mrs. Sobha Selin

Vol. VII **July - August 2013** No.4

## താളുകൾ മറിക്കുമ്പോൾ

| | |
|---|---|
| എഡിറ്റോറിയൽ | 1 |
| കുടുംബവിശേഷങ്ങൾ | 3 |
| മഗ്ദലന മറിയ | 7 |
| യാഗപീഠത്തിലെ തീ | 9 |
| അടിപ്പിണരാൽ സൗഖ്യം | 11 |
| പരിശോധനകൾ അനുഗ്രഹങ്ങളാകുന്നു | 13 |
| മിസ്രയീംകാരത്തി എബ്രായ വനിത | 15 |
| തിരുവെഴുത്തിൽ സ്ത്രീകളുടെ സ്ഥാനം- ശുശ്രൂഷ | 20 |
| ഒരു ക്രിസ്തീയ വനിതയുടെ പെരുമാറ്റം | 23 |
| കൗമാര പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും | 24 |
| Quest 31 | 28 |
| Quest 30 ന്റെ ഉത്തരങ്ങൾ | cover iii |

വാർഷിക വരിസംഖ്യയായ അൻപതു രൂപ (₹50/- only),
ലേഖനങ്ങൾ, കത്തുകൾ ഇവ അയയ്ക്കേണ്ട വിലാസം:

**ഷെറിൻ കിംഗ്സ്റ്റൺ**

ഗുഡ് ന്യൂസ്, ആക്കുളം റോഡ്, തിരുവനന്തപുരം- 695 031

*For private circulation only*

*എഡിറ്റോറിയൽ*

# ക്രിസ്തീയ വനിതകൾ വീടിന്റെ വിജയശില്പികൾ

ക്രിസ്തീയ വനിതകൾക്ക് സഭയിലുള്ള സ്ഥാനത്തെ സംബന്ധിച്ച് നാം ഒട്ടനവധികാര്യങ്ങൾ മുമ്പ് ചർച്ച ചെയ്തിട്ടുണ്ട്. കുടുംബത്തിലുള്ള സ്ഥാനത്തെപ്പറ്റിയും കാര്യക്ഷമമായി ചർച്ച ചെയ്യപ്പെടേണ്ട കാലഘട്ടത്തിലൂടെയാണ് നാം പൊയ്ക്കൊണ്ടിരിക്കുന്നത്. ദൈവത്തിന്റെ വൻ പദ്ധതികളിലൊന്നാണ് കുടുംബം. അതിന്റെ നിലനില്പ് ദൈവത്തിന്റെ പ്രതീക്ഷയാണ്. അതു പൂർത്തീകരിക്കാൻ ദൈവത്തോടു സഹകരിക്കുന്ന പങ്കാളികളായിട്ടാണ് ദൈവം ക്രിസ്ത്രീയ വനിതകളെ കാണുന്നത്. ക്രിസ്ത്രീയ വനിതകൾക്ക് ഭവനത്തിൽ കല്പിച്ചു നല്കിയിരിക്കുന്ന സ്ഥാനവും, പ്രാധാന്യതയും, ധർമ്മവും സംബന്ധിച്ച് കൂടുതൽ ചിന്തിക്കേണ്ടതിനും നല്ല ചർച്ചകൾ ഉണ്ടാകുന്നതിനും വേണ്ടി ചില ചിന്തകൾ അനുവാചകരുമായി പങ്കുവെക്കട്ടെ.

അപ്പൊസ്തലനായ പൌലൊസ് തീത്തൊസിന്നു എഴുതിയ ലേഖനത്തിൽ ഒരു പരാമർശം ഈ സാഹചര്യത്തിൽ നമ്മുടെ ചിന്തക്ക് വിഷയീഭവിക്കേണ്ടതുണ്ട്. തീത്തൊസ് 2:4-5, "...... ദൈവവചനം ദുഷിക്കപ്പെടാതിരിക്കേണ്ടതിന്നു യൗവനക്കാരത്തികളെ ഭർത്തൃപ്രിയമാരും, പുത്രപ്രിയമാരും, സുബോധവും പാതിവൃത്യമുള്ളവരും, വീട്ടുകാര്യം നോക്കുന്നവരും (Keepers at home) ദയയുള്ളവരും ഭർത്താക്കന്മാർക്കു കീഴ്പെടുന്നവരും ആയിരിപ്പാൻ ശീലിപ്പിക്കേണ്ടതിനു നന്മ ഉപദേശിക്കുന്നവരായിരിക്കേണം എന്നും പ്രബോധിപ്പിക്ക."ഈ വാക്യങ്ങളിലെ എല്ലാ കാര്യങ്ങൾക്കും ഒരുപോലെ പ്രാധാന്യതയുണ്ട്. എന്നാൽ ഒരു കാര്യം മാത്രം ഇവിടെ പ്രത്യേകമായി പരാമർശിക്കട്ടെ."വീട്ടകാര്യം നോക്കുന്നവർ" എന്ന പദപ്രയോഗം മാത്രം ഇവിടെ ചർച്ച ചെയ്യുന്നു. "Keepers at home" എന്നും "busy at home " എന്നും ഇംഗ്ലീഷ് ബൈബിളുകളിൽ കാണുന്നു. വീടുകളിൽ സ്ത്രീകളുടെ ധർമ്മം എത്ര വലിയതാണെന്ന് ഓർപ്പിക്കുകയാണ് ഈ വാക്കുകൾ.

ആധുനിക കാലം വളരെ തിരക്കു നിറഞ്ഞതാണ്. എല്ലാവർക്കും തിരക്കാണ്. കുട്ടികളും, മാതാപിതാക്കളും തിരക്കിലാണ്. സ്ത്രീകൾ വിദ്യാഭ്യാസത്തിലും തൊഴിലിലും ഉന്നതശ്രേണിയിലാണ്. പിന്നെങ്ങനെ അവർക്ക് സ്വന്തം വീട്ടിൽ തിരക്കുള്ളവരാകുവാൻ കഴിയും? വീടിനു പുറത്ത് തൊഴിലിനോടനുബന്ധിച്ച് തിരക്കിലാവുകയും സ്വന്തം വീട്ടിൽ സമയം ഇല്ലാതിരിക്കുകയും ചെയ്യുന്നത് തികച്ചും പരിതാപകരമാണ്. അതേ സമയം സ്ത്രീകൾ വീടിനു പുറത്ത് നല്കുന്ന സംഭാവനകളെ ഒട്ടും നിസ്സാരമാക്കുവാൻ കഴിയുകയുമില്ല. സ്വന്തം വീട്ടിലെ തിരക്കുകളെക്കാൾ ശ്രേഷ്ഠമാണ് വീടിനു പുറത്തുള്ള തിരക്കുകളെന്ന് അഭിമാനിക്കുന്നത് വേദവിപരീതമാണ്. വീടിനകത്തുള്ള തിരക്കുകൾ ദൈവകല്പനയാണെങ്കിൽ വീടിനു പുറത്തുള്ളവ മനുഷ്യകല്പനകളാണ്.

സ്വന്തം ഭവനത്തെ തള്ളിക്കളഞ്ഞ് സമൂഹത്തിൽ നേടുന്ന നേട്ടങ്ങൾ നഷ്ടങ്ങളാണെന്ന് തിരിച്ചറിയുവാൻ ഒരു വിഭാഗം സ്ത്രീകൾ വളരെ വൈകിപ്പോകാ

റുണ്ട്. സ്വന്തം വീട്ടിൽ സ്ത്രീകൾക്ക് സമയമില്ലാതാകുമ്പോൾ സാത്താന് കൂടുതൽ സമയം ലഭിക്കുന്നു. സദൃശ്യവാക്യങ്ങൾ 31:26-27 വാക്യങ്ങൾ കൂടി ചിന്തിക്കേണ്ടതുണ്ട്. സാമർത്ഥ്യമുള്ള ഭാര്യയെ സംബന്ധിച്ച് പറയുന്ന കാര്യങ്ങളാണിവ. "അവർ ജ്ഞാനത്തോടെ വായ് തുറക്കുന്നു. ദയയുള്ള ഉപദേശം അവളുടെ നാവിൻ മേൽ ഉണ്ടു. വീട്ടുകാരുടെ പെരുമാറ്റം അവൾ സൂക്ഷിച്ചു നോക്കുന്നു." ഒരു ക്രൈസ്തവ വനിതക്കുവേണ്ടിയ ഗുണഗണങ്ങൾ ഇവിടെ കാണുന്നുണ്ട്. ഒരു വീട്ടിലെ വ്യക്തികളെ നന്നായി നിരീക്ഷിച്ച് അവർക്കു വേണ്ട ഉപദേശങ്ങൾ നല്കുവാനും, കുടുംബത്തെ മുമ്പോട്ട് നയിക്കുന്നതിനുമുള്ള കഴിവാണ് ഇവിടെ പരാമർശിക്കപ്പെട്ടിരിക്കുന്നത്. അതിനുവേണ്ടി ഭവനത്തിൽ വിലപ്പെട്ട സമയം ചെലവഴിക്കേണ്ടതുണ്ട്. വീട്ടിലുള്ള വ്യക്തികളുടെ വഴികളെ രൂപാന്തരപ്പെടുത്തുവാനും, അവരുടെ വീക്ഷണങ്ങളെ നന്മയ്ക്കായി ഉടച്ചു വാർക്കുന്നതിനുമുള്ള കഴിവ് പ്രശംസനീയമാണ്. അവളുടെ നാവിൻ മേൽ ദയമുള്ള ഉപദേശമുണ്ടെന്നാണ് ബൈബിൾ പറയുന്നത്. പുരുഷന്മാർകൂടി ഉൾപ്പെട്ട കൂടി വരവുകളിൽ അവൾക്ക് ഉപദേശിപ്പാൻ കഴിയുകയില്ലായെന്നത് നിസ്തർക്കമാണെങ്കിലും സ്വന്തം കുടുംബത്തിന്റെ നിലനില്പിനുവേണ്ടിയ സൂത്രവാക്യങ്ങൾ അവൾക്കറിയാം അത് ഉപയോഗപ്പെടുത്തണമെങ്കിൽ അവളുടെ സാന്നിദ്ധ്യം വീട്ടിലുണ്ടാകണം.

പുരുഷൻ ഒരു ഭവനത്തിന്റെ നായകനാണെങ്കിൽ, സ്ത്രീ നായികയാണ്. അവൻ ഭവനത്തിന്റെ അടിസ്ഥാനമാണെങ്കിൽ അവൾ മേൽക്കൂരയാണ്. ഒരു മേൽക്കൂരക്കുള്ളിലെ വ്യക്തികളുടെ പെരുമാറ്റത്തെ വ്യാഖ്യാനിക്കുവാൻ സാമർത്ഥ്യമുള്ള ഭാര്യക്ക് നന്നായി അറിയാം. സ്ത്രീയുടെ പ്രായോഗിക ഇടപെടലുകളും, മനുഷ്യനെ നന്നായി വിലയിരുത്തുന്നതിനുള്ള കഴിവും ദൈവത്തിന്റെ സംഭാവനകളാണ്. ജീവിത വിജയത്തിനും കുടുംബത്തിന്റെ ഭദ്രതയ്ക്കും ഈ കാര്യങ്ങൾ അത്യന്താപേക്ഷിതമാണ്. ഭവനത്തിന്റെ സൂക്ഷിപ്പുകാരും, കാവല്ക്കാരുമാണ് സ്ത്രീകൾ. ഭവനത്തിനകത്തേക്ക് നുഴഞ്ഞു കയറുവാൻ സാധ്യതയുള്ള എല്ലാവിധ ആത്മീയ അപചയങ്ങളെയും ദൂരത്തു നിർത്താൻ കഴിയുന്നവരായിരിക്കണം ക്രിസ്തീയ വനിതകൾ.

സ്ത്രീകളുടെ ധർമ്മം വീട്ടിൽ വിജയകരമാകുമ്പോൾ ആ വീട്ടിലെ വ്യക്തികളെല്ലാം വിജയികളാകുന്നു. വിജയിക്കുന്ന ഭർത്താവിന്റെ പിന്നിൽ വിജയകരമായ സൂത്രവാക്യങ്ങളുമായി ഭാര്യയുണ്ടായിരിക്കും. സദൃശ്യവാക്യങ്ങൾ 31:23-ാം വാക്യം ഇവിടെ ശ്രദ്ധേയമാണ്. "അവളുടെ ഭർത്താവ് പട്ടണവാതില്ക്കൽ പ്രസിദ്ധനാകുന്നു." വീട്ടിൽ പ്രായോഗികതയുടെയും നന്മയുടെയും ഉപദേശങ്ങളുമായി ശക്തമായ സമൂഹത്തിനും രാഷ്ട്രത്തിനും വേണ്ടി ശക്തമായ കുടുംബങ്ങൾ രൂപപ്പെടുത്തുന്ന സ്ത്രീകളാണ് ദൈവത്തിന്റെ പ്രതീക്ഷയിലുള്ള സ്ത്രീകൾ. ദൈവത്തിന്റെ പ്രതീക്ഷയിൽ നിന്നും സ്ത്രീകൾ അകലുമ്പോൾ സമൂഹത്തിനും രാഷ്ട്രത്തിനും പ്രതീക്ഷയില്ലാതാകുന്നു. കുടുംബങ്ങൾ മനോഹരവും, വിജയകരവുമാക്കുന്ന ദൈവിക പ്രവർത്തനത്തിൽ ഒരു പങ്കു വഹിക്കുവാൻ എല്ലാ ക്രൈസ്തവവനിതകളെയും ദൈവം സഹായിക്കട്ടെയെന്ന് ആശംസിക്കുന്നു.

**ജയിംസ് മുണ്ടക്കയം**

# കുടുംബ വിശേഷങ്ങൾ

ഡോ. കുഞ്ഞുമോൻ ചാക്കോ, കോട്ടയം

**അമ്മ**

അമ്മ-എത്രയോ സുന്ദരവും അമൂല്യവും അർത്ഥ ഗർഭവുമായ പദം. അമ്മയെന്നുള്ള രണ്ടക്ഷരമല്ലയൊ സമ്മേളിച്ചീടുന്നതൊന്നാമതായ്. ഒരു കുഞ്ഞ് ആദ്യമായി ഉച്ചരിക്കുന്ന വാക്ക് അമ്മ എന്നു തെക്കേ ഇന്ത്യയിലും മാ എന്നു വടക്കേ ഇന്ത്യയിലും മം എന്ന് ഇംഗ്ലീഷിലും പറയുന്ന വാക്കിന് അർത്ഥം നല്കാൻ നിഘണ്ടുക്കൾ പോരാ. സങ്കടം വരുമ്പോൾ വേദനവരുമ്പോൾ ആരെയാണാദ്യം വിളിക്കുക? അമ്മ.....അതെ അമ്മ ജീവിച്ചിരിപ്പില്ലെങ്കിൽ പോലും നാവിൻ തുമ്പത്താദ്യം വരിക ആ രണ്ടക്ഷരങ്ങളായിരിക്കും.

അമ്മയും കുഞ്ഞും-ഞാനും എന്റെ അമ്മയും -ആ പൊക്കിൾക്കൊടി ബന്ധം എത്ര ശക്തമാണ്. ഏതവസ്ഥയിലും തന്റെ കുഞ്ഞിനെ മാറോടണയ്ക്കാൻ വെമ്പുന്ന ഒരമ്മയുടെ സ്നേഹം അതെത്ര അഗാധമാണ്!

കുറച്ചു വർഷങ്ങൾക്കു മുൻപ് എന്റെ നാട്ടിൽ ഒരു യുവാവ് ഒരാളെ കൊന്ന ശേഷം ആത്മഹത്യചെയ്തു. അവന്റെ ജഡം വഴിവക്കിൽ കിടക്കുന്നു. ആരോ ഒരോല കൊണ്ട് മൂടിയിട്ടിട്ടുണ്ട്. എങ്ങനെയോ വിവരമറിഞ്ഞ് അവന്റെ അമ്മ ഓടി വന്നു. എന്റെ കുഞ്ഞേ എന്ന നിലവിളിയോടെ അവർ ആ മുഖത്ത് കണ്ണുനീരോടെ ചുംബിച്ചു. മറ്റുള്ളവർ അവജ്ഞയോടെയും വെറുപ്പോടെയും നോക്കിയിരുന്ന അതേ മുഖത്ത് അമ്മ ചുംബിച്ചു. അമ്മയുടെ സ്നേഹത്തിനു തുല്യം മറ്റെന്തുണ്ട്?

മക്കൾ എത്ര ധിക്കാരം കാണിച്ചാലും വേദനിപ്പിച്ചാലും അമ്മയ്ക്ക് അവരെ സ്നേഹിക്കാനെ കഴിയൂ. ഹോങ്കോങ്കിലെ സ്റ്റാൻലി ജയിലിൽ കൊലക്കുറ്റത്തിനു ശിക്ഷ അനുഭവിക്കുന്ന ഒരു യുവാവിനെ കാണുവാൻ വന്ന വൃദ്ധരായ മാതാപിതാക്കളുടെ മുഖം ഇപ്പോഴും എന്റെ കൺമുന്നിലുണ്ട്. അവർക്ക് തീരെ ആരോഗ്യമുണ്ടായിരുന്നില്ല. സെക്യൂരിറ്റിക്കാരുടെ സഹായത്തോടെ ഇലക്ട്രോണിക് ലോക്കുകൾ കടന്നുമെല്ലെ നീങ്ങി അവർ മകന്റെ അടുത്തെത്തി. നിയമപ്രകാരം ഒരു ഫൈബർഗ്ലാസിന് അപ്പുറത്തും ഇപ്പുറത്തും ഇരുന്നു മാത്രമെ അവർക്ക് അവനോടു സംസാരിക്കാൻ കഴിയൂ. സ്പർശിക്കുവാൻ പാടില്ല. ഗ്ലാസിന്റെ സുതാര്യതമൂലം പരസ്പരം കാണാം. ഇടയ്ക്കിടെയുള്ള സുഷിരങ്ങളിലൂടെ കേൾക്കുകയും ചെയ്യാം.

ആ സമയത്ത് ഇന്ത്യക്കാരനായ ഒരു തടവുകാരനെ കാണുവാൻ ഞാനും അവിടെയുണ്ടായിരുന്നു. പതിനാലുവർഷങ്ങൾ കഴിഞ്ഞിട്ടും ആ അമ്മയ്ക്ക് കണ്ണുനീർ മറക്കാൻ കഴിയുന്നില്ല. ഒരമ്മയ്ക്ക് പൊറുക്കുവാൻ കഴിയാത്ത ഒരപരാധവും ഇല്ല. ഒരമ്മയ്ക്ക് ഉൾക്കൊള്ളാൻ കഴിയാത്ത മകനോ മകളോ ഇന്നുവരെ പിറന്നിട്ടുമില്ല. അമ്മ ആശ്വസിക്കുന്നതു പോലെ ഞാൻ നിന്നെ ആശ്വസിപ്പിക്കാമെന്ന് ബൈബിൾ പറയുമ്പോൾ ആ ആശ്വസിപ്പിക്ക

ലിന്റെ മാധുര്യം വലുത് എന്ന് നാമറിയുന്നു. അമ്മ ഓമനിക്കുന്നതുപോലെ എന്നു പൌലൊസ് സ്ലീഹായും ബൈബിളിൽ പറയുന്നുണ്ട്.

പെറ്റതള്ള കുഞ്ഞിനേ മറക്കുമോ എന്ന ചോദ്യത്തിനുത്തരം എന്തെന്നു നമുക്കെല്ലാമറിയാം. മക്കൾക്കുവേണ്ടി ചെയ്യുന്നതൊന്നും ഒരമ്മയ്ക്കും അധികപ്പറ്റായിതോന്നുകയില്ല. എന്നും നമുക്കറിയാം. പക്ഷേ അപ്പോഴും എല്ലാ അറിവുകൾക്കുമപ്പുറത്താണ് അമ്മ. അമ്മമാരെ ബഹുമാനിക്കുന്നത് ഇന്നൊരാഘോഷമായി മാറിയിട്ടുണ്ട്. Mothers Day എന്നാണ് ആ ആഘോഷം അറിയപ്പെടുന്നത്. ഒരമ്മയുടെ സ്നേഹം എത്ര ആഘോഷിച്ചാലാണുമതിവരിക? ഇരയിമ്മൻ തമ്പിയുടെ ഓമനത്തിങ്കൾ കിടാവോ എന്ന താരാട്ട് എനിക്കു വളരെ പ്രിയപ്പെട്ടതാണ്. മനോഹരമായ ആവരികൾക്കിടയിൽ ഈശ്വരൻ തന്നെ നിധിയോ എന്ന ചോദ്യം ഒരു രത്നം പോലെ തിളങ്ങുന്നതായി എനിക്കനുഭവപ്പെട്ടിട്ടുണ്ട്.

ഒരു മനുഷ്യനെ ഏറ്റവും അധികം സ്വാധീനിക്കുന്നത് അവന്റെ അമ്മയാണ്. ഒരു കുഞ്ഞിനെ ആദ്യത്തെ 9 മാസങ്ങളിലെ സംരക്ഷണം അമ്മയുടെ ഉദരത്തിലാണ്. പിറന്നു വീണാൽ പിന്നെ സ്കൂളിൽ പോകുന്നതു വരെ മുഴുവൻ സമയവും അമ്മയുടെ കൂടെ. വ്യക്തിത്വരൂപീകരണത്തിന്റെ ആദ്യഘട്ടം ഈ കാലയളവിലാണ് നടക്കുന്നത്, അമ്മയുടെ മടിയിലും ചുറ്റുവട്ടത്തും.

രാജാരവിവർമ്മയുടെ ചിത്രങ്ങൾ ലോകപ്രസിദ്ധമാണല്ലോ. എന്നെ ഏറ്റവും ആകർഷിച്ചിട്ടുള്ളത് കുഞ്ഞിനെ മടിയിൽകിടത്തി മുലയൂട്ടുന്ന അമ്മയുടെ ചിത്രമാണ്. ആ കുഞ്ഞ് അമ്മയുടെ കണ്ണുകളിലേയ്ക്കുനോക്കുന്നു. ആ അമ്മ കുഞ്ഞിന്റെ നെറ്റിയിൽ മൃദുവായി തലോടിക്കൊണ്ട് എന്തൊക്കെയോ പറയുന്നതായി തോന്നിപ്പോകും. എന്തൊരു മനോഹരമായ കാഴ്ച. അമ്മയിൽ നിന്നു കേട്ടും കണ്ടും ഒരു കുഞ്ഞ് ജീവിതത്തിലെ മൂല്യങ്ങൾ പഠിക്കാനാരംഭിക്കുകയാണ്.

എന്റെ അമ്മ ഏതാനും മാസങ്ങൾക്കു മുമ്പാണു മരിച്ചത്. മരിക്കുന്ന അവസരത്തിൽ ഞങ്ങൾ മക്കൾനാലുപേരും മരുമക്കളും കൊച്ചുമക്കളിൽ ചിലരും അടുത്തുണ്ടായിരുന്നു. ആ ദുഃഖം എന്റെ മനസ്സിൽ ഇപ്പോഴും നീറി നില്ക്കുന്നു. മുൻപൊരിക്കൽ അമ്മയുടെ കൈകൾ തടവിക്കൊണ്ട് അടുത്തിരിക്കുമ്പോൾ ഞാനാകൈകളിലെ തഴമ്പുകൾ ശ്രദ്ധിച്ചു. മക്കളെ വളർത്താൻ അദ്ധ്വാനിച്ചതിന്റെ പരിണിതഫലമായി മായാത്തപാടുകൾ. അമ്മയുടെ മുടി നന്നെ നരച്ചു. പല്ലുകൾ ചിലതു നഷ്ടപ്പെട്ടു. പഴയതുപോലെ വേഗത്തിലും ബലത്തിലും നടക്കാനാകുന്നില്ല. ഓർമ്മശക്തി വളരെ കുറഞ്ഞു. എല്ലാം ഓർക്കാൻ കഴിയുന്നില്ല എന്ന് പലപ്പോഴും പറയുമായിരുന്നു. എങ്കിലും എന്റെ അമ്മയുടെ ഹൃദയത്തിന്റേയും സ്നേഹത്തിന്റേയും സൗന്ദര്യം തെല്ലും കുറഞ്ഞിരുന്നില്ല.

ആശുപത്രിയിലെ അവസാനനാളുകളിൽ പലപ്പോഴും അമ്മയുടെ അടുത്ത് നിന്ന് വീട്ടിലേയ്ക്കു പോകുമ്പോൾ എന്റെ കണ്ണുകൾ നിറയുമായിരുന്നു. എന്റെ അമ്മയെ വേണ്ടവിധം ശുശ്രൂഷിക്കാൻ എനിക്ക് കഴിഞ്ഞി

ട്ടുണ്ടോ, സ്നേഹിക്കേണ്ടിടത്തോളം ഞാൻ സ്നേഹിച്ചിട്ടുണ്ടോ? അമ്മയ്ക്കു വിഷമം വരുന്ന വാക്കുകൾ ഞാൻ പറഞ്ഞിട്ടുണ്ടോ? എന്നെ ഞാനാക്കുവാൻ അദ്ധ്വാനിച്ച അമ്മയ്ക്കു വേണ്ടത്ര വിശ്രമം പോലും കിട്ടിയിരുന്നില്ല. എന്നെനിക്കറിയാം. എന്റെ മനസ്സിലേക്ക് ഓർമ്മകൾ ഉരുണ്ടുകൂടി. ഞാൻ ഹൈസ്കൂളിൽ പഠിക്കുന്ന കാലം. ഒരിക്കൽ പൊതിച്ചോറു കൊണ്ടുപോകുവാനില്ലായിരുന്നു. സാധാരണ ഞാൻ സ്കൂളിലേക്കു പോകുന്നത് അമ്മ വീട്ടുമുറ്റത്തു നിന്നു നോക്കി നില്ക്കും. അന്നും ഞാൻ പതിവുപോലെ തിരിഞ്ഞു നോക്കി, പക്ഷേ അമ്മയെ കണ്ടില്ല. എനിക്കു പ്രയാസമായി. സ്കൂളിൽ നിന്നുവന്നയുടനെ ഞാൻ കാര്യം തിരക്കി. നീ പൊതിച്ചോറില്ലാതെ പോകുന്നതു കാണുവാനുള്ള ശക്തി എനിക്കില്ലായിരുന്നു മോനെ എന്നാണ് അമ്മ മറുപടി പറഞ്ഞത്. അതായിരുന്നു എന്റെ അമ്മയുടെ ബലഹീനത. (എല്ലാ അമ്മമാരും അങ്ങനെയാണെന്നും ഞാൻ കരുതുന്നു. ഇനി എനിക്ക് അമ്മയ്ക്കായി ഒന്നും ചെയ്യുവാനില്ല. മനസ്സിൽ അവശേഷിക്കുന്നത് ആ ഓർമ്മകൾ മാത്രം. എന്റെ പ്രിയപ്പെട്ട വായനക്കാരാ, നിങ്ങൾക്ക് അമ്മയോടുള്ള സ്നേഹവും ബന്ധവും വളരെ ശക്തമാണെന്നു ഞാൻ കരുതുന്നു. അമ്മയുടെ വാത്സല്യത്തിനുപകരം നിങ്ങൾ എന്തുകൊടുത്തിട്ടുണ്ട്? അതോ അമ്മ അമ്മയുടെ കടമ നിർവഹിച്ചു എന്ന് ചിന്തിച്ചിരിക്കുകയാണോ?

എന്റെ ബഡ്റൂമിൽ ഒരു ചിത്രമുണ്ട്. അതിൽ ഇങ്ങനെ എഴുതിയിരിക്കുന്നു. 'God cannot be every where and that is why he created mother' ഞങ്ങളുടെ മകൻ ബിന്നി അവന്റെ അമ്മയ്ക്ക് കൊടുത്ത സമ്മാനമാണ്. ഒരു നിധിപോലെ ഞങ്ങളതു സൂക്ഷിക്കുന്നു.

“നിന്റെ ദൈവമായ യഹോവ നിനക്ക് അവകാശമായി തരുന്ന ദേശത്ത് നിനക്ക് ദീർഘായുസ്സ് ഉണ്ടാകുവാൻ നിന്റെ അപ്പനേയും അമ്മയേയും ബഹുമാനിക്ക! ബൈബിളിലെ പത്തുകല്പനകളിൽ ഒന്നാണിത്!”

‘അപ്പനേയോ അമ്മയേയോ നിന്ദിക്കുന്നവൻ ശപിക്കപ്പെട്ടവൻ ജനമെല്ലാം ആമേൻ എന്നു പറയണം’

അപ്പനെയോ അമ്മയേയോ ശപിക്കുന്നവൻ മരണശിക്ഷ അനുഭവിക്കണം. ആരെങ്കിലും അപ്പനെയോ, അമ്മയെയോ ദുഷിച്ചാൽ അവന്റെ വിളക്ക് കൂരിരുട്ടിൽ കെട്ടുപോകും.

നിന്റെ അമ്മ വൃദ്ധയായിരിക്കുമ്പോൾ അവളെ നിന്ദിക്കരുത്.

അപ്പനെ പരിഹസിക്കുകയും അമ്മയെ അനുസരിക്കാതിരിക്കയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകൻ കുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും. ബൈബിളിൽ നിന്നുള്ള ഉദ്ധരിണികളാണിവയെല്ലാം.

ഇതിനെല്ലാമിടയിൽ നമ്മുടെ സമൂഹത്തിൽ പലപ്പോഴും ഉയർന്നു കേൾക്കാറുള്ള ഒരു ചോദ്യമുണ്ട്. ഒരു കുഞ്ഞിനെ പ്രസവിച്ചതു കൊണ്ടു മാത്രം ഒരു സ്ത്രീ അമ്മയാകുമോ? മാതൃത്വം ഗർഭധാരണത്തിലും പ്രസവത്തിലും ആരംഭിക്കുന്നതേയുള്ളൂ. മാതൃധർമ്മം വിവരിക്കാനോ വ്യാഖ്യാനി

ക്കാനോ ആവുകയില്ല. ഭൂമിയിലെ ഏറ്റവും വലിയ ഉത്തരവാദിത്തമാണത്.

വ്യത്യസ്ഥകാരണങ്ങളാൽ തകർന്ന കുടുംബങ്ങളിൽ നിന്നു അമ്മയുടെ സ്നേഹം അനുഭവിക്കാൻ കഴിയാതെ വന്ന 145 കുഞ്ഞുങ്ങൾ ഞങ്ങളുടെ ചിൽഡ്രൻസ് വില്ലേജിലുണ്ട്. അതിനു പുറമേ എത്രയോ ലക്ഷം കുഞ്ഞുങ്ങൾ ഇന്ത്യയിലെ തെരുവുകളിൽ അലയുന്നുണ്ട്.

എത്രയോ അനാഥാശാലകളിലായി എത്ര ലക്ഷം കുഞ്ഞുങ്ങൾ വളരുന്നുണ്ട്.... മാതൃസ്നേഹം അനുഭവിക്കാൻ കഴിയാതെ ...... അമ്മയാരെന്നു പോലുമറിയാതെ......

യുദ്ധങ്ങളും പകർച്ചവ്യാധികളും അപകടങ്ങളും ഭൂകമ്പങ്ങളുമൊക്കെ എത്ര അമ്മമാരെ മക്കളില്ലാത്തവരും എത്ര മക്കളെ അമ്മമാരില്ലാത്തവരുമാക്കി. സുനാമി ദുരന്തത്തിലും ഒറീസാ പീഡനത്തിലും നാഗാമണിപ്പൂർ അതിർത്തി വഴക്കുകളിലും എല്ലാം നഷ്ടപ്പെട്ട കുഞ്ഞുങ്ങൾ ഞങ്ങളുടെ വില്ലേജുകളിലുണ്ട്. അവരുടെയെല്ലാം വ്യക്തിത്വത്തിലെ ഏറ്റവും വലിയകുറവ് അമ്മയുടെ ലാളനയുടെയും സ്നേഹത്തിന്റെയും അഭാവം മൂലമാണുണ്ടായതെന്നു ഞാൻ കരുതുന്നു. വടക്കേ ഇന്ത്യയിൽ ഒരമ്മ 2000 രൂപയ്ക്ക് തന്റെ കുഞ്ഞിനെ വിറ്റു എന്ന പത്രവാർത്ത നാം കണ്ടതാണ്.ഒരമ്മയ്ക്ക് അതിനു കഴിയുമോ?ഒരു പക്ഷേ തന്റെ കുഞ്ഞ് വിശന്നു മരിക്കേണ്ട എന്നു കരുതിയാവാം... ആ അമ്മയുടെ കഥ മുഴുവൻ നമ്മളറിയുന്നില്ലല്ലോ? സത്യം ഈശ്വരനല്ലേ അറിയു.....

ഇനി ഒരമ്മയാകാൻ കഴിയാത്തവരോട്.... ആ പദവി ദൈവം നിങ്ങൾക്കു തന്നില്ല എന്ന യാഥാർത്ഥ്യം ദുഃഖത്തോടെയെങ്കിലും അംഗീകരിക്കുക. പക്ഷേ അമ്മയില്ലാത്ത ഒരു കുഞ്ഞിന്, കുഞ്ഞുങ്ങൾക്ക് ഒരമ്മയുടെ സ്നേഹവും പരിചരണവും നല്കാനുള്ള അവസരം കുഞ്ഞുങ്ങളുള്ളവരേക്കാൾ നിങ്ങൾക്കാണ്. ഞങ്ങളുടെ ചിൽഡ്രൻസ് വില്ലേജിൽ അതിനുള്ള അവസരം നിങ്ങൾക്ക് ഞങ്ങൾ ഒരുക്കിത്തരാം. അവിടേയ്ക്കു ഞാൻ നിങ്ങളെ സാദരം ക്ഷണിക്കുന്നു.

പ്രിയപ്പെട്ടവരെ, നിങ്ങളുടെ അമ്മ കഴിഞ്ഞ നൂറ്റാണ്ടിലെന്നോ ജനിച്ച ഒരു വ്യക്തി ആയിരിക്കാം. വിദ്യാഭ്യാസം ഇല്ലായിരിക്കാം. സൗന്ദര്യം കുറവായിരിക്കാം. എന്നാൽ ഓർമ്മിക്കുക, നിങ്ങളെ നിങ്ങളാക്കിയത് ആ അമ്മയാണ്. ആകട്ടെ നിങ്ങളിൽ ചിലരെങ്കിലും അമ്മയോടു പിണങ്ങിയിരിക്കുകയാണോ? ഒരടുക്കളയിൽ രണ്ടുകലത്തിലാണോ വയ്പ്പും കുടിയും? കുത്തുവാക്കുകൾ പറഞ്ഞ് അമ്മയെ വേദനിപ്പിക്കാറുണ്ടോ? പശ്ചാത്തപിക്കുക. മാപ്പുചോദിക്കുക രമ്യതപ്പെടുക. അനുഗ്രഹത്തിന്റെ വാതിൽ നിങ്ങൾക്കായി തുറക്കപ്പെടും സംശയിക്കേണ്ട.

എല്ലാം ക്ഷമിക്കുന്ന മനസ്സാണ് അമ്മയുടേത്!

അമ്മ മനസ്-തങ്കമനസ്, മുറ്റത്തെ തുളസി പോലെ

# മഗ്ദലന മറിയ

റവ. എ.ജെ. ജോൺ കൊഴുവല്ലൂർ M.A. MDiv

ലൂക്കോസിന്റെ സുവിശേഷം 8:2-ൽ പറയുന്ന മഗ്ദലക്കാരത്തി മറിയയെ മലയാളകവിതയിലും സാഹിത്യത്തിലും ഗാനങ്ങളിലും മഗ്ദലന മറിയം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. [Mary called Magdalene, Mary Magdalene]. മഗ്ദല സ്ഥലനാമമാണ്, ഗലീലക്കടലിന്റെ പടിഞ്ഞാറെക്കരയിൽ കഫർന്നഹൂമിന് തെക്കും തിബര്യാസിനു വടക്കുമായി സ്ഥിതി ചെയ്യുന്ന ശാന്ത സുന്ദര ഗ്രാമമായിരുന്നു മഗ്ദല. കേരളത്തിലെ അക്രൈസ്തവർക്കും മഗ്ദല ക്കാരത്തി മറിയയെ പരിചയപ്പെടുത്തി പ്രശസ്തയാക്കിയതു കവികളും സാഹി ത്യകാരന്മാരുമാണ്. 1921-ൽ മഹാകവി വള്ളത്തോൾ നാരായണമേനോൻ രചിച്ച മഗ്ദലന മറിയം എന്ന കവിത വളരെ പ്രസിദ്ധവും അക്കാദമിക് തലത്തിൽ ശ്രദ്ധിക്കപ്പെട്ടതും ചർച്ചചെയ്യപ്പെട്ടതുമാണ്. വള്ളത്തോളിനു ശേഷം കവി പൊൻകുന്നം ദാമോദരൻ മഗ്ദലന മറിയം കഥ കാവ്യരൂപത്തിൽ അവതരിപ്പിച്ചു. പിന്നീട് പുത്തൻകാവുമാത്തൻ തരകനും മഗ്ദലന മോഹിനീ എന്നപേരിൽ കവിത രചിച്ചു. സ്വാമി ബ്രഹ്മവ്രതൻ മേരി മഗ്ദലന എന്ന പേരിലും സി. ആർ. കൃഷ്ണപിള്ള മഗ്ദലന മറിയം എന്നപേരിലും നാടകരചനയും നടത്തിയിട്ടുണ്ട്.

ലൂക്കോസ് 7:36-50 വരെയുള്ള വേദഭാഗത്തെ അടിസ്ഥാനമാക്കിയാണ് വള്ളത്തോൾ കാവ്യരചന നടത്തിയിരിക്കുന്നത്. എന്നാൽ പ്രസ്തുത വേദഭാ ഗത്തു പാപിയായ ഒരു സ്ത്രീ എന്നല്ലാതെ മഗ്ദലക്കാരി മറിയ എന്ന സൂചന ഇല്ല. ശീമോന്റെ വീട്ടിൽ വച്ച് യേശുവിന്റെ പാദങ്ങളെ മിഴിനീരുകൊണ്ട് നനച്ചു കൂന്തൽ കൊണ്ട് തുടച്ചു സുഗന്ധതൈലം പൂശി ചുംബിച്ച സ്ത്രീ പാപിയായി രുന്നു. യേശു അവൾക്ക് പാപമോചനം കൊടുക്കുന്നുണ്ട്. മഗ്ദല സ്വദേശിയായ മറിയ യേശുകർത്താവിന്റെ ശിഷ്യഗണത്തിൽ വളരെ ശ്രേഷ്ഠമായ സ്ഥാന മുള്ള ഒരു വനിതയായിരുന്നു. സുവിശേഷങ്ങളിൽ ആ മറിയെക്കുറിച്ചുള്ള ആദ്യ പരാമർശം ലൂക്കോ. 8:2- ആണ്. ഈ മഗ്ദലന മറിയ ഭൂതഗ്രസ്ഥയും അവളിൽ നിന്നും ഏഴ് ഭൂതങ്ങളെ പുറത്താക്കിയതായും അനന്തരം അവൾ കർത്താവിന്റെ ശിഷ്യയായി അനുഗമിച്ചിരുന്നതായി കാണാം. അക്കാലത്തെ ആത്മീയ ശുശ്രൂ ഷകളിൽ മഗ്ദലക്കാരി മറിയയ്ക്ക് വലിയ പങ്കുണ്ടായിരുന്നതായി തെളിവുണ്ട്. ദുർനടപ്പുകാരിയായ ഒരു സ്ത്രീയ്ക്ക് പാപമോചനം കിട്ടിയ ഉടൻ തന്നെ യേശു വിന്റെ ശിഷ്യഗണത്തിൽ ആത്മീയ നേതൃനിരയിൽ സ്ഥാനം നല്കി എന്നു കരു തുവാൻ ന്യായമില്ല. യേശുക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ ആദ്യ സാക്ഷിയും, പുനരുത്ഥാന സന്ദേശം ആദ്യം അറിയിക്കുവാനുമുള്ള ഭാഗ്യം സിദ്ധിച്ചതും മഗ്ദലക്കാരി മറിയയ്ക്കാണ്. മത്താ: 27:56,61, 28:1 മർക്കോ: 15:40,47, 16:1 ലൂക്കോ :24:10 യോഹ:19:25, 20:1, 18 എന്നീ വേദഭാഗങ്ങളിൽ മഗ്ദലക്കാരി മറിയെക്കുറിച്ച് വ്യക്തമായി പരാമർശമുണ്ട്. അപ്പോക്രിഫാ പുസ്തകത്തിൽ ഈ മറിയത്തിന് അപ്പോസ്തല സ്ഥാനം തന്നെ നല്കപ്പെട്ടിരിക്കുന്നു. എഫെ സോസിൽ മരിച്ചു എന്നും ലിയോ IV-മൻ ചക്രവർത്തി മറിയത്തിന്റെ തിരു ശേഷിപ്പ് കോൺസ്റ്റാന്റ്നേപ്പാളിലേക്ക് കൊണ്ടുപോയതായും കരുതപ്പെടുന്നു. മഗ്ദലന മറിയത്തെക്കുറിച്ച് ആദ്യമായി ഒരു കൃതിയുണ്ടായത് A.D 9-ാം

നൂറ്റാണ്ടിലാണ്. മാവുരുസ് റബാനുസ് എഴുതിയ ലൈഫ് ആണ് പ്രസ്തുത കൃതി. നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല എല്ലാവരും പാപികളാണ് എന്ന പ്രമാണപ്രകാരം മഗ്ദലക്കാരി മറിയയും പാപിയായിരുന്നു എന്നല്ലാതെ ശീമോന്റെ വീട്ടിൽ വച്ച് യേശു പാപമോചനം കൊടുത്ത വേശ്യാസ്ത്രീയല്ല മഗ്ദലന മറിയം . ഗലീലക്കടലിന്റെ പടിഞ്ഞാറുഭാഗത്തു കഫർന്നഹൂമിനും തിബെര്യാസിനും മദ്ധ്യയാണ് 'മഗ്ദല' സ്ഥലം. എന്നാൽ ലൂക്കോസ് 7-ാം അദ്ധ്യായത്തിൽപ്പറയുന്ന ശീമോൻ എന്ന പരീശന്റെ വീട് നയീൻ പട്ടണത്തിലാണ്. നയീൻ പട്ടണം ഗലീലക്കടലിന്റെ തെക്ക് പടിഞ്ഞാറ് നസറെത്തിനും തെക്കാണ്. ഗലീലക്കടലിന്റെ തൊട്ടുപടിഞ്ഞാറെ തീരത്തുള്ള ഗ്രാമമാണ് മഗ്ദല. എന്നാൽ നയീൻ പട്ടണം മഗ്ദലയിൽ നിന്നും വളരെ അകലെയാണ്. ശീമോൻ താമസിക്കുന്ന പട്ടണത്തിലെ പാപിയായ സ്ത്രീയാണ് യേശുവിന്റെ പാദത്തിൽ തൈലം പൂശുന്നതും പാപക്ഷമനേടുന്നതും. ബൈബിൾ പരിജ്ഞാനമില്ലാത്തവരുടെ ഇടയിൽ കേവല പാരമ്പര്യവിശ്വാസമാണ് മഗ്ദല മറിയത്തെ ദുർന്നടപ്പുകാരിയായി ചിത്രീകരിക്കാൻ കാരണമായത്.

മലയാളത്തിന്റെ മഹാകവി വള്ളത്തോളിന് തെറ്റു പറ്റി എന്നത് തർക്കമറ്റ വസ്തുതയാണ്. ആശാൻ ആശയ ഗാംഭീര്യൻ, വള്ളത്തോൾ ശബ്ദസുന്ദരൻ എന്നൊരു ചൊല്ല് മലയാളസാഹിത്യ മണ്ഡലത്തിലുണ്ട്. മഗ്ദലന മറിയം എന്ന ശബ്ദത്തിന്റെ സൗകുമാര്യത്തിൻ വള്ളത്തോൽ ഭ്രമിച്ചിരിക്കണം. ചത്തതു കീചകനെങ്കിൽ കൊന്നത് ഭീമൻതന്നെ എന്ന തത്വമാണ് വള്ളത്തോൾ ഇവിടെ സ്വീകരിച്ചത്. വള്ളത്തോൾ മാത്രമല്ല മറ്റുപലരും , ഇക്കൂട്ടത്തിൽ പുത്തൻകാവ് മാത്തൻ തരകൻ എന്ന ക്രിസ്ത്യാനിയുമുണ്ട് എന്നതു ഖേദകരം. മഗ്ദലനമോഹിനി എന്നതാണ്  തരകൻ വിശേഷിപ്പിച്ചത്. രംഭ തിലോത്തമ മേനക തുടങ്ങിയ സുരസുന്ദരിമാരും വാസവദത്ത തുടങ്ങിയ വേശ്യമാരെയും മനസ്സിൽ കണ്ടുകൊണ്ടാണ് കവികൾ മഗ്ദനമറിയത്തെ വർണ്ണിച്ചുവശായത്! ബൈബിൾ സത്യങ്ങളെക്കാൾ അധികം പാരമ്പര്യങ്ങൾക്കു പ്രാധാന്യം നല്കുന്നതിന്റെ ഉദാഹരണമാണ് പുത്തൻ കാവുമാത്തൻ തരകന്റെ മഗ്ദലനമോഹിനി.

യേശുക്രിസ്തുവിന്റെയും ശിഷ്യന്മാരുടെ കൂടെയും ആദിമ ക്രൈസ്തവ സഭയിലെയും ആത്മീയ ശുശ്രൂഷകളിൽ പങ്കാളിയായിരുന്ന വനിതാരത്നമാണ് മഗ്ദലനമറിയ. യേശുവിന്റെ അമ്മയായ മറിയയോടും മറ്റു മറിയമാരോടുമൊപ്പം വിശുദ്ധജീവിതം നയിച്ചു വന്ന ഈ മറിയയെ നയീൻ പട്ടണത്തിലെ അഡ്രസില്ലാത്ത ഒരു പാപിയായ സ്ത്രീയായി ചിത്രീകരിച്ച് കാവ്യരചന നടത്തിയ കവികൾ കാലയവനികക്കുള്ളിൽ മറഞ്ഞുപോയി. ഇനിയുള്ള കവികളെങ്കിലും പ്രത്യേകിച്ച് ക്രൈസ്തവ നാമധാരികളായ കവികൾ മഗ്ദലനക്കാരിയെ മായാമോഹിനിപ്പട്ടം കെട്ടിക്കും മുമ്പേ വേദപുസ്തകത്തിൽ വായിച്ചുഗ്രഹിക്കാൻ ശ്രമിക്കേണ്ടതാണ്.

അനുബന്ധം-

പാരമ്പര്യം വ്യർത്ഥമാണെന്ന് പത്രോസ് ശ്ളീഹ തന്റെ ലേഖനത്തിലൂടെ സഭയെ അറിയിച്ചിട്ടുള്ളതാണെങ്കിലും ഒരു വലിയ വിഭാഗം ക്രൈസ്തവ നാമധാരികൾ ഇന്നും വിശുദ്ധബൈബിളിലെ തിരുവചനത്തെക്കാൾ അധികം പ്രാധാന്യം പാരമ്പര്യങ്ങൾക്ക് നല്കുന്നത് നീതികരിക്കാവുന്നതല്ല. (1പത്രൊ . 1:18)

# യാഗപീഠത്തിലെ തീ

## ജെസി ബെൻസെൻ, കൊച്ചി

യാഗപീഠത്തിന്മേൽ തീ കെട്ടുപോകാതെ എപ്പോഴും കത്തിക്കൊണ്ടിരിക്കണമെന്നതായിരുന്നു ലേവ്യായാഗങ്ങളോടുള്ള ബന്ധത്തിൽ ദൈവം നല്കിയിരുന്ന ഒരു സുപ്രധാന പ്രമാണം. ഹോമയാഗം രാത്രിമുഴുവനും ഉഷസ്സുവരെ യാഗപീഠത്തിന്മേലുള്ള വിറകിന്മേൽ ഇരിക്കയും യാഗപീഠത്തിലെ തീ അതിനാൽ കത്തിക്കൊണ്ടിരിക്കയും വേണം എന്നു നാം വായിക്കുന്നു. (ലേവ്യ.6:9) തീ കെട്ടുപോകരുതെന്ന് മാത്രമല്ല, ഹോമയാഗത്താലാണ് തീ കത്തിക്കൊണ്ടിരിക്കേണ്ടത് എന്നും ഇവിടെ വ്യക്തമാകുന്നു. അതായത്, തീ കെട്ടുപോകരുത് എന്ന പ്രമാണം പാലിക്കേണ്ടതിന് വെറുതെ തീ കത്തിച്ചുകൊണ്ടിരിക്കുകയല്ല, വിറകിന്മേൽ ഹോമയാഗം എപ്പോഴും ഉണ്ടായിരിക്കണമെന്നതും തീ കെട്ടുപോകരുതെന്ന പ്രമാണത്തിൽ ഉൾക്കൊണ്ടിരുന്നു.

ദൈവസന്നിധിയിൽ നിന്നു പുറപ്പെട്ട തീയാണ് യാഗപീഠത്തിൽ കത്തിക്കൊണ്ടിരിക്കേണ്ടത്. അത് കെടാതെ സൂക്ഷിക്കേണ്ടതും അതിന്മേൽ നിരന്തരമായി ഹോമയാഗം അർപ്പിച്ചുകൊണ്ടിരിക്കേണ്ടതും അതീവ ജാഗ്രതയോടെ കരുതിക്കൊള്ളേണ്ട ദൈവിക പ്രമാണങ്ങളായിരുന്നു. യാഗപീഠത്തിൽ നിന്നുള്ള തീ തന്നെയായിരുന്നു ധൂപപീഠത്തിൽ സുഗന്ധധൂപം ദഹിപ്പിക്കുന്നതിനും ഉപയോഗിച്ചിരുന്നത്. യാഗപീഠത്തിൽ നിന്നുള്ളതല്ലാത്ത തീ അന്യാഗ്നിയാണ്. അത് ദൈവത്തിനു പ്രസാദകരമല്ലെന്നു മാത്രമല്ല, ദൈവകോപം ജ്വലിക്കുന്നതുമാണ്. (ലേവ്യ. 9:24; 10:1–4)

മനുഷ്യനു പകരം ഒരു മൃഗം അർപ്പിക്കപ്പെടുന്നതാണ് പഴയനിയമപ്രകാരമുള്ള യാഗമെങ്കിൽ മനുഷ്യൻ താൻ തന്നെ ജീവനുള്ള യാഗമായി ദൈവസന്നിധിയിൽ സമർപ്പിക്കുന്നതാണ് പുതിയനിയമപ്രകാരമുള്ള യാഗാർപ്പണം. ദൈവസന്നിധിയിൽ നിന്നു പുറപ്പെട്ട തീയാണ് ഹോമയാഗത്തെ ദഹിപ്പിക്കയും യാഗപീഠത്തിൽ നിരന്തരമായി കത്തിക്കൊണ്ടിരിക്കയും ചെയ്തിരുന്നതെങ്കിൽ, പരിശുദ്ധാത്മാവാകുന്ന തീയാലാണ് നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി നിരന്തരം അർപ്പിച്ചുകൊണ്ടിരിക്കേണ്ടത്. അത് അണയാതെ സൂക്ഷിക്കയും നിരന്തരമായി അതിന്മേൽ ജീവിതത്തെ അർപ്പിച്ചുകൊണ്ടിരിക്കയും വേണം. നമ്മുടെ ആഗ്രഹങ്ങളെ ഇഷ്ടങ്ങളെ അഭിപ്രായങ്ങളെ വികാരങ്ങളെ എല്ലാം ദൈവസന്നിധിയിൽ നിന്നും പുറപ്പെട്ട ആ തീയ്ക്കാണ് വിധേയപ്പെടുത്തേണ്ടത്. സ്വർഗ്ഗത്തിൽ നിന്നു പുറപ്പെട്ട ആ തീയിലൂടെയാണ് നമ്മുടെ സമർപ്പണത്തിന്റെ സൗരഭ്യം ദൈവസന്നിധിയിലേക്കു ഉയരേണ്ടത്.

എന്നാൽ, യാഗമോ സമർപ്പണമോ കൂടാതെ ഒരു ആചാരമെന്ന വിധത്തിൽ യാഗപീഠത്തിൽ തീ കത്തിച്ചുകൊണ്ടിരിക്കുന്ന അപകടകരമായ ഒരു

സാധ്യതയിലേക്കും തിരുവചനം വിരൽചൂണ്ടുന്നു. നിങ്ങൾ എന്റെ യാഗപീഠത്തിൽ വെറുതെ തീ കത്തിക്കാതിരിക്കേണ്ടതിന് നിങ്ങളിൽ ആരെങ്കിലും വാതിൽ അടച്ചുകളഞ്ഞാൽ കൊള്ളായിരുന്നു എന്നു യഹോവ അരുളിച്ചെയ്യുന്നതായി നാം വായിക്കുന്നു. (മലാ.1:10) യാഗത്താലും അർപ്പണത്താലുമാണ് തീ കത്തിക്കൊണ്ടിരിക്കേണ്ടത്. വെറുതെ വിറകുകത്തിച്ചു കൊണ്ടിരിക്കയും തീ കത്തിക്കൊണ്ടിരിക്കണമെന്ന പ്രമാണം പാലിക്കുന്നു എന്നു ആശ്വസിക്കയും ചെയ്യുന്ന ആധുനിക ആത്മികആചാരങ്ങളെ ദൈവം വെറുക്കുന്നു. "ഇനി നിങ്ങൾ വ്യർത്ഥമായുള്ള കാഴ്ച കൊണ്ടുവരരുത്. ധൂപം എനിക്കു വെറുപ്പാകുന്നു. അമാവാസ്യയും ശബത്തും സഭായോഗം കൂടുന്നതും നീതികേടും ഉത്സവയോഗവും എനിക്കു സഹിച്ചുകൂടാ" എന്നിങ്ങനെ ദൈവം തന്റെ വെറുപ്പ് വെളിപ്പെടുത്തുന്നു. (യെശ.1:12-14)

പരിശുദ്ധാത്മാഗ്നിയാൽ ദഹിപ്പിക്കപ്പെടാത്ത അർപ്പണങ്ങളൊന്നും ദൈവസന്നിധിയിലേക്കു ഉയരുകയില്ല. അർപ്പണങ്ങളില്ലാത്ത യാഗപീഠവും അതിലെ തീയും ദൈവത്തിനു സ്വീകാര്യമല്ല. ഹൃദയാന്തർഭാഗത്ത് നിന്ന് ഉയരാത്ത ആരാധനയും പ്രാർത്ഥനയും ആത്മീയ ശുശ്രൂഷകളും എല്ലാം വെറുതെ തീ കത്തിയ്ക്കുന്നതിനു സമാനമാണ്. ആകയാൽ ജീവനും വിശുദ്ധിയും ദൈവത്തിന് പ്രസാദവുമുള്ള ശരീരയാഗങ്ങളെ നിരന്തരം അർപ്പിച്ചുകൊണ്ട് ദൈവത്തെ ആരാധിക്കുവാൻ നമുക്കു ഉത്സാഹിക്കാം. ആരാധന ആചാരമായിത്തീരാതിരിക്കാൻ ജാഗ്രതയുള്ളവരായിരിക്കാം. ദൈവം കൃപ നല്കട്ടെ.


## ഓൺലൈൻ ക്രൈസ്തവ വനിത

2010 നവംബർ മുതലുള്ള ക്രൈസ്തവ വനിത സൗജന്യമായി വായിക്കുവാൻ ഗുഡ്ന്യൂസിന്റെ വെബ്സൈറ്റു സന്ദർശിക്കുക. http://www.gncs.org/ministries_publications.htm/ ലോകത്തിന്റെ ഏതു ഭാഗത്തുനിന്നും മലയാളഭാഷ അറിയാവുന്ന ഏവർക്കും ബൈബിൾ പഠിക്കയും ക്രൈസ്തവ വനിത വായിക്കയും ചെയ്യാനുള്ള സംവിധാനമായി.

നിങ്ങളുടെ വിദേശത്തുള്ള ബന്ധുമിത്രാദികളെ ഈ വിവരം അറിയിക്കണമെന്നു അഭ്യർത്ഥിക്കുന്നു.

# അടിപ്പിണരാൽ സൗഖ്യം

അന്നമ്മ സി. ജോൺ, തിരുവനന്തപുരം

ഞങ്ങൾ കേൾപ്പിച്ചത് ആർ വിശ്വസിച്ചിരിക്കുന്നു. യഹോവയുടെ ഭുജം ആർക്ക് വെളിപ്പെട്ടിരിക്കുന്നു. അവൻ ഇളയതൈ പോലെയും വരണ്ട നിലത്തു നിന്നു വേർമുളക്കുന്നതു പോലെയും അവന്റെ മുമ്പാകെ വളരും. യേശു ക്രിസ്തു ഈ നിലയിൽ ജീവിക്കും. നമ്മുടെ വേദനകളെ അവൻ ചുമന്നു. നാമോ ദൈവം അവനെ ശിക്ഷിച്ചിരിക്കുന്നു എന്നാൽ അവൻ നമ്മുടെ അതിക്രമങ്ങൾ നിമിത്തം തകർന്നുമിരിക്കുന്നു. നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയി.

അവന്റെ അടിപ്പിണരുകളാൽ നമുക്കു സൗഖ്യം വന്നുമിരിക്കുന്നു. (യെശയ്യാവ് 53.5) ഈ വാക്യങ്ങൾ എന്തിനെ സൂചിപ്പിക്കുന്നുവെന്ന് പലർക്കും അറിയുകയില്ല. അവൻ നമുക്കു സമാധാനം തരുവാൻ വേണ്ടി മരിച്ചു. ഉയിർത്തു ജീവിക്കുന്നു. അവൻ സമാധാനപ്രഭുവായിട്ടാണ് ജനിച്ചത്.

അവന്റെ അടിപ്പിണരുകളാൽ നിങ്ങൾക്കു സൗഖ്യം വരുത്തിയിരിക്കുന്നു എന്നു പറഞ്ഞാൽ പാപം ഒരു വലിയ വേദനയും രോഗവും ആണ്. അതു നാം പലപ്പോഴും അറിയുന്നില്ല. പാപത്തിന്റെ വേദനയാണ് അവൻ ക്രൂശിൽ സഹിച്ചത്. അവൻ അടിയേറ്റതിനാൽ നമുക്കു പാപസൗഖ്യം വന്നിരിക്കുന്നു. എന്നാൽ ഇന്നു പലരും വിശ്വസിക്കുന്നതും രോഗിയെ സന്ദർശിക്കുവാൻ ചെല്ലുന്നതും പ്രാർത്ഥിക്കുന്നതും ശാരീരിക സൗഖ്യം ലക്ഷ്യമാക്കികൊണ്ടാണ്. പാപം ഒരു ഭാരമാണ്. അതു നീക്കുവാൻ പിതാവായ ദൈവം കണ്ട വലിയ മാർഗ്ഗം ഓമന മകനെ തകർക്കുക എന്നുള്ളതാണ്. നമുക്കു വേണ്ടി നമ്മുടെ സമാധാനത്തിനു വേണ്ടി അവൻ മരിച്ചു. അതറിയാതെ പലരും പ്രാർത്ഥിക്കുകയും ചെയ്യും(രോഗസൗഖ്യം) എന്നുള്ളത്. അങ്ങനെ പഠിക്കുന്നുവെങ്കിൽ രക്ഷിക്കപ്പെട്ട ആർക്കും രോഗം പിന്നീട് വരുവാൻ അനുവാദം ഇല്ല. ഞാൻ രക്ഷിക്കപ്പെട്ട ഒരാൾ ആണ്. ഒരു രോഗിയാണ്. ദൈവഹിതപ്രകാരം ജീവിക്കുവാനും ആഗ്രഹം ഉണ്ട്. എന്നാൽ ഈ ലോകത്തിന്റെ പ്രഭുവിന്റെ കീഴിൽ ജീവിതമായതിനാൽ പലതിലും തെറ്റിപ്പോകുന്നു. വാക്കുകളിൽ തെറ്റുന്നു. യേശുക്രിസ്തുവിന്റെ അടിപ്പിണരിനു മുമ്പായി എത്ര രോഗികളെ അവൻ സൗഖ്യമാക്കി. എത്ര മരിച്ചവരെ ഉയിർപ്പിച്ചു. അടിപ്പിണരാൽ സൗഖ്യം ആയിരുന്നുവെങ്കിൽ അതൊന്നും ചെയ്യാതെ അടിപ്പിണരിനുശേഷം ചെയ്യുവാൻ കഴിയുമായിരുന്നില്ലേ. കഴിയും. യേശുക്രിസ്തുവിനു എല്ലാം കഴിയും. എന്നാൽ അടിപ്പിണരാൽ ശാരീരിക സൗഖ്യം എന്നു പറയുന്നത് തികച്ചും ശരിയല്ല. നമ്മുടെ പാപത്തിന്റെ വേദനയകറ്റുവാൻ അവൻ കാല്വറി കയറി, കുരിശു ചുമന്നു. നിരവധി കഷ്ടതകൾ മനുഷ്യവർഗ്ഗത്തിനു വേണ്ടി സഹിച്ചു. ഇതെല്ലാം ഏത് വേദനകളെയകറ്റുവാൻ ചെയ്തു? പാപത്തിന് പരിഹാരമുണ്ടാക്കുവാൻ കർത്താവ് മരിച്ചു. അടിപ്പിണർ എന്നുള്ളതിന്റെ അർത്ഥം പോലും അറിയാതെ പലരും സംസാരിക്കുന്നു. രോഗികൾക്കു വേണ്ടി

പ്രാർത്ഥിക്കുന്നു. യേശുക്രിസ്തു ഇന്നലെയും ഇന്നും ഒരുവൻ മാത്രമാണ്. ഗതിഭേദത്താൽ മാറ്റം വരികയില്ല. ഇന്നും തന്റെ കൈ കുറുകീട്ടില്ല. ചെവി മന്നമായിട്ടുമില്ല. പ്രാർത്ഥനക്കു മറുപടി ഇന്നും തരുന്നു. രോഗസൗഖ്യം തരുന്നു. ഇതെല്ലാം അടിപ്പിണരുകൾ കൊണ്ടല്ല. രക്ഷിക്കപ്പെട്ടവർക്കാണ് ഇന്ന് പരീക്ഷകളും രോഗങ്ങളും അധികം ഉണ്ടാകുന്നത്. ദൈവത്തിൽ വിശ്വസിക്ക മാത്രമല്ല അവനു വേണ്ടി കഷ്ടം സഹിപ്പാനും വരം നമുക്ക് തന്നിട്ടുണ്ട്. കഷ്ടതയുടെ വരം ആർക്കും വേണ്ട. അതിനു വേണ്ടി ഞാനുൾപ്പെടെ ആരും പ്രാർത്ഥിക്കുന്നതും ഇല്ല. കഷ്ടങ്ങളിൽ പോക്കുവഴി ഉണ്ടാക്കിത്തരുന്ന ഒരു ദൈവമാണ്. നാം കഷ്ടങ്ങളാൽ തികഞ്ഞവരാകണം. എന്നാൽ മാത്രമേ ഇടയശ്രേഷ്ടനായ ക്രിസ്തു വരുമ്പോൾ തേജസ്സിന്റെ വാടാകിരീടം ലഭിക്കുകയുള്ളൂ. അതിനു വേണ്ടി നാം കാത്തിരിക്കുക. കഷ്ടം സഹിക്കുക. കൂടെ വാഴാം. അവൻ കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയാണ്.

സിംഹത്തിൻ ഗുഹയാണ് നമുക്കു കിട്ടുന്നതെങ്കിലും അതു സന്തോഷമായ് സഹിക്കുക. 9 മാസം കഴിഞ്ഞു എന്റെ ഹിപ്പ് സർജറി ചെയ്തിട്ടു.ഇതുവരേയും ഞാൻ പരസഹായം കൂടാതെ നടക്കുകയില്ല. അത് അശേഷം സന്തോഷമെന്ന് എണ്ണുന്നു. എന്നാൽ ഞാനും ഒരു മനുഷ്യജീവിയാകയാൽ പ്രയാസവും വരാറുണ്ട്.

എന്റെ ഹിപ്പ് രണ്ടുപ്രാവശ്യം സർജറി ചെയ്തു. ഹാർട്ട് സർജറി ചെയ്തു. ശരീരത്തിൽ അധികം ഭാഗവും ഇല്ല. എങ്കിലും ദൈവം എന്നെ നിർത്തിയിരിക്കുന്നു. ഞാൻ നില്ക്കുകയില്ല. അതിന് എന്റെ ദൈവത്തിന് നന്ദി കരേറ്റി ജീവിക്കുന്നു. ദൈവം ചെയ്യുന്ന ഉപകാരങ്ങൾ എത്ര അധികമാണ്. എന്റെ ഹൃദയം അറിയുന്നത് കർത്താവാണ്. ഹൃദയത്തിന്റെ നിരൂപണം ദൂരെ നിന്നു ഗ്രഹിക്കുന്നു. എന്റെ എല്ലാവഴികളിലും എന്നെ കാക്കുന്നു. കാരണം അവന്റെ മറവിലാണ് ഞാൻ ജീവിക്കുന്നത്. ഞാൻ രക്ഷിക്കപ്പെട്ട ശേഷമാണ് ഈ സർജറികൾ എല്ലാം തന്നെ ചെയ്തത്. യേശുക്രിസ്തുവിന്റെ അടിപ്പിണർ ശാരീരിക സൗഖ്യത്തിനു വേണ്ടിയായിരുന്നെങ്കിൽ പിന്നീടെന്തിനാണ് ഞാൻ ഇങ്ങനെ യാതന അനുഭവിക്കുന്നത്. എന്റെ കർത്താവു മരിച്ചുയിർത്തു ജീവിക്കുന്നതിനാൽ ഞാനും ജീവിക്കുന്നു. അതുകൊണ്ട് അടിപ്പിണരാൽ അല്ല ശാരീരിക സൗഖ്യം. വേദനകളെ ചുമന്നത് പാപത്തിന്റെ വേദനയാണെന്നു ധരിക്കുമോ? ലേഖനം നിർത്തുന്നു.


## ഓൺലൈൻ ബൈബിൾ സ്റ്റഡി

ഗുഡ്ന്യൂസ് കറസ്പോണ്ടൻസ് കോഴ്സുകൾ ലോകത്തിന്റെ ഏതുഭാഗത്തുമുള്ള മലയാളിക്കും ഇന്റർനെറ്റുവഴി സൗജന്യമായി പഠിച്ച് ഡിപ്ലോമാ കരസ്ഥമാക്കുവാൻ സാധിക്കുന്നു. പത്തു യൂണിറ്റുകൾ ഉള്ള ഡിപ്ലോമാ പ്രോഗ്രാം പഠിക്കുന്നതിന് http://www.gncs.org/moodle എന്നു ടൈപ്പു ചെയ്താൽ ഗുഡ്ന്യൂസ് വെബ്സൈറ്റ് താങ്കൾക്കായി തുറക്കപ്പെടും.

# പരിശോധനകൾ അനുഗ്രഹങ്ങളാകുന്നു

എൽസി ബേബി, ന്യൂ യോർക്ക്

ദൈവം നമ്മോടുകൂടെയുണ്ടെങ്കിൽ നമുക്കു യാതൊരു വിധത്തിലും ചഞ്ചലപ്പെടേണ്ടിവരികയില്ല. ഭയപ്പെടേണ്ടിവരികയില്ല. സംശയിക്കേണ്ടിവരികയില്ല. പരിഭ്രമിക്കേണ്ടിവരികയില്ല. നാം ദൈവമക്കളായിത്തീർന്നാൽ മാത്രമേ ഇത് അനുഭവിച്ചറിയുവാൻ പറ്റുകയുള്ളൂ. കൃപയാലെ വിശ്വാസം മൂലം ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ചവർ തിരുവചനമാകുന്ന പാൽ കുടിച്ച് വളർന്ന് വലുതായി പൂർണ്ണവളർച്ച പ്രാപിക്കേണ്ടിയിരിക്കുന്നു. ഒരു ശിശു ജനിച്ചു വളർന്നു പൂർണ്ണവളർച്ച പ്രാപിക്കുമ്പോൾ മാത്രമെ അവന്റെ യഥാർത്ഥ രൂപം, സ്വഭാവം, പ്രവൃത്തികൾ, കഴിവുകൾ ഇവയൊക്കെ പ്രകടമാകയുള്ളു. അതുപോലെ തന്നെയാണ് ദൈവമക്കളുടെതും. ക്രിസ്തുവിലായി, ക്രിസ്തുവിന്നായി, ക്രിസ്തുവിനോടുകൂടെ വളർന്നു വലുതാകുമ്പോൾ നാം ക്രിസ്തുവിനേപ്പോലെ ആയിത്തീരുന്നു. അവന്റെ രൂപത്തോടുകൂടെ നാം അനുരൂപരായിത്തീരുന്നു. അത് അത്ര നിസ്സാരകാര്യമല്ല. ഒരു ദൈവപൈതലിന്റെ ജീവിതത്തിൽ അവനെ ക്രിസ്തുവിന്റെ രൂപത്തോടനുരൂപനാക്കുവാൻ പിതാവായ ദൈവം അവനെ ചില പാഠങ്ങൾ പഠിപ്പിച്ചു അഭ്യസിപ്പിക്കുന്നു. ചില പരിശോധനകൾ, പരീക്ഷകൾ, പ്രതിസന്ധികൾ വിഷമതകളൊക്കെ അഭിമുഖീകരിച്ച് വളർന്നാൽ മാത്രമേ അതു പ്രാപിക്കുകയുള്ളൂ. ചുരുക്കിപ്പറഞ്ഞാൽ ദൈവികാനുഗ്രഹങ്ങൾ പ്രാപിക്കണമെങ്കിൽ ചില പരിശോധനകളിൽ കൂടെ കടന്നുപോയേപറ്റൂ. അതുകൊണ്ടാണ് ദൈവം പറഞ്ഞിരിക്കുന്നത് നിങ്ങൾ വിവിധ പരീക്ഷകളിൽ അകപ്പെടുമ്പോൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നുവെന്നറിഞ്ഞ് അതു അശേഷം സന്തോഷം എന്നെണ്ണുവിൻ എന്ന്! ദൈവത്തിന്റെ നന്മകളും, അനുഗ്രഹങ്ങളും പരിശോധനകളിൽ കൂടെയല്ലാതെ പ്രാപിക്കുവാൻ സാദ്ധ്യമല്ല. അതുകൊണ്ട് പരിശോധനകൾ നേരിടുമ്പോൾ അതിൽകൂടെ ലഭിക്കുവാൻ പോകുന്ന അനുഗ്രഹങ്ങളെ മുമ്പിൽ കണ്ടുകൊണ്ട് സന്തോഷിക്കുക. സ്ത്രോത്രം ചെയ്യുക. പ്രത്യാശയോടെ കാത്തിരിക്കുക.

പരിശോധനകൾ അനുഗ്രഹമായി കണക്കാക്കുന്നതും വിശ്വസിക്കുന്നതും ദൈവമക്കൾ മാത്രമാകുന്നു. അതിന്റെ പ്രധാന കാരണം അവർ സർവ്വശക്തനും, സർവ്വവ്യാപിയും, സർവ്വജ്ഞാനിയുമായ ദൈവത്തിന്റെ മക്കളാകുന്നുവെന്ന വിശ്വാസവും, ആശ്രയവും ഉറപ്പുമാകുന്നു. അവരുടെ ജീവൻ പരിശുദ്ധാത്മാവും അവരെ നയിക്കുന്ന കാര്യസ്ഥൻ പരിശുദ്ധാത്മാവാകുന്നുവെന്ന ഉറപ്പ്! പ്രാകൃതാമനുഷ്യൻ അഥവാ അവിശ്വാസി ദൈവാത്മാവിന്റെ ഉപദേശം കൈക്കൊള്ളുന്നില്ല. അതു അവനു ഭോഷത്വമാകുന്നു. അതു അവനു ഗ്രഹിപ്പാൻ കഴിയുന്നതുമില്ല. (1 കൊരി. 2:14) എന്നാൽ പരിശുദ്ധാത്മാവിനാൽ നിയന്ത്രിക്കപ്പെട്ടു നയിക്കപ്പെടുന്ന ദൈവമക്കൾ യാതൊരു കാരണവശാലും തളരുകയോ, പരിഭ്രമിക്കുകയോ, അവിശ്വസിക്കുകയോ ചെയ്കയില്ല. അവരുടെ വിശ്വാസം യാതൊരു വിധത്തിലും ചലിക്കാത്ത, തളരാത്ത, അവിശ്വാസിക്കാത്ത

വിശ്വാസമാകുന്നു. ലോകജ്ഞാനം കൊണ്ടോ, വിദ്യാഭ്യാസയോഗ്യതകൾ കൊണ്ടോ നേടുവാൻ കഴിയാത്ത വിലയേറിയ വിശ്വാസമാണ് ദൈവം തന്റെ മക്കളുടെ ഹൃദയങ്ങളിൽ നല്കിയിരിക്കുന്നത് .സ്വർണ്ണം, വെള്ളി, വജ്രം ഇങ്ങനെയുള്ള വിലയേറിയ വസ്തുക്കൾ തീയിലിട്ടും, ചുറ്റികകൊണ്ടടിച്ചും, ചിരണ്ടിയും മുറിച്ചുമൊക്കെ രൂപപ്പെടുത്തി വിലയേറിയതാക്കിത്തീർക്കുന്നതുപോലെയാകുന്നു. ദൈവം തന്റെ മക്കളുടെ വിശ്വാസത്തെ ശോധനചെയ്ത് വിലയേറിയതാക്കി മറ്റുള്ളവർക്ക് സാക്ഷ്യത്തിനായി നിലനിർത്തുന്നത്. ഉറച്ച വിശ്വാസം, പതറാത്ത വിശ്വാസം, തളരാത്ത വിശ്വാസം, സംശയിക്കാത്ത വിശ്വാസം, കാണാതെ വിശ്വസിക്കുന്ന വിശ്വാസം, ഫലം കായ്ക്കുന്ന വിശ്വാസം, എല്ലാറ്റിനു വേണ്ടിയും, എപ്പോഴും സ്ത്രോത്രം ചെയ്വാനും, സന്തോഷിക്കുവാനും പ്രാപ്തി നല്കുന്ന വിശ്വാസം. കഷ്ടതയിലും പാടുന്ന വിശ്വാസം, ഇല്ലായ്മയിലും സന്തോഷിച്ചു തൃപ്തിയടയുന്ന വിശ്വാസം. ഏതു സാഹചര്യത്തിലും മനുഷ്യരിലേക്കു നോക്കാതെ ദൈവത്തിലേക്കു മാത്രം നോക്കുന്ന വിശ്വാസം. മനുഷ്യരിലോ, പ്രഭുക്കന്മാരിലോ, ധനത്തിലോ, ഭൗതികനന്മകളിലോ ആശ്രയിക്കാതെ പിതാവായ ദൈവത്തിൽ മാത്രം ആശ്രയിച്ചു വിശ്വസിക്കുന്ന വലിയ വിശ്വാസം. അതാകുന്നു ദൈവം തന്റെ മക്കളിൽ നിന്നും ആഗ്രഹിക്കുന്ന വിശ്വാസം. യഥാർത്ഥത്തിൽ വിശ്വസിച്ചു, രക്ഷിക്കപ്പെട്ടു. ദൈവഭവനത്തിൽ ദൈവമക്കളായി വീണ്ടും ജനിച്ചവർക്കു മാത്രമേ മേല്പറഞ്ഞവിധത്തിലുള്ള വിശ്വാസം ഉണ്ടാകയൂള്ളൂ. അതിൽ നിന്നു ലഭിക്കുന്ന അനുഗ്രഹങ്ങളാകുന്നു യഥാർത്ഥമായതും, നിലനില്ക്കുന്നതുമായ അനുഗ്രഹങ്ങൾ. അല്ലാത്ത ഭൗതിക, ലൗകികനന്മകളെ അനുഗ്രഹങ്ങളായി കരുതി അതിൽ ആശ്രയിച്ചു, സന്തോഷിച്ചു പുകഴുന്നത് ദൈവമക്കൾക്കുള്ളതല്ല. അത് ലോകമക്കൾക്കും, അവിശ്വാസികൾക്കും, ദുഷ്ടന്മാർക്കും, നീതിമാന്മാർക്കും എല്ലാം ലഭിക്കുന്ന അനുഗ്രഹങ്ങളാകുന്നു. ഇയ്യോബ് മഹാസമ്പന്നനായിരുന്നു. മക്കളും, സുഖസൗകര്യങ്ങളും ഉണ്ടായിരുന്നു. എന്നാൽ ദൈവം ഇയ്യോബിനെ നോക്കി കൊണ്ടുപറഞ്ഞത് അവനെപ്പോലെ നിഷ്കളങ്കനും, ദൈവഭക്തനും, ദോഷം വിട്ടകലുന്നവനും ഭൂമിയിൽ ആരുമില്ല എന്നായിരുന്നു. ഇയ്യോബിന്റെ സമ്പത്തും, മക്കളും എല്ലാം നഷ്ടമായപ്പോൾ യഹോവ തന്നു, യഹോവ എടുത്തു. അവന്റെ നാമം വാഴ്ത്തപ്പെടുമാറകട്ടെ എന്നായിരുന്നു. ആ ധൈര്യവും, വിശ്വാസവും, ഉറപ്പുമാണ് ദൈവം അവനിൽ നിന്നും ആഗ്രഹിച്ചത്. കഷ്ടതയുടെ തീച്ചൂളയിൽ കൂടെ പതറാതെ തളരാതെ കടന്ന് അപ്പുറത്ത് ചെന്നപ്പോൾ ലഭിച്ചതോ? നഷ്ടമായതെല്ലാം ഇരട്ടി! അതാണ് യാഥാർത്ഥ അനുഗ്രഹം! വിശ്വാസത്തിന്റെ ഫലം!

പ്രിയ സഹോദരിമാരെ, നിങ്ങളുടെ വിശ്വാസം എങ്ങനെയുള്ളത്? ചിന്തിക്കുക. പരിശോധനകളിൽ ഭയപ്പെട്ടു, പതറി, പരിഭ്രമിച്ച് പിറുപിറുത്ത് പിന്മാറി വീഴുന്നവരാകുന്നുവൊ? നിങ്ങൾ ദൈവമക്കളാകുന്നുവെന്ന് ഉറപ്പ് വരുത്തുക. ജീവനുള്ള സർവ്വശക്തനിൽ മാത്രം വിശ്വസിച്ചാശ്രയിക്കുക. പരിശോധനകളുടെ അപ്പുറത്ത് വച്ചിരിക്കുന്ന അനുഗ്രഹങ്ങളും സന്തോഷവും നിങ്ങൾ വിചാരിക്കുന്നതിനേക്കാൾ അപ്പുറമായിരിക്കും. പരിശോധനകൾ അനുഗ്രഹങ്ങളാകുന്നുവെന്ന് അനുഭവിച്ചു രുചിച്ചറിയുക. ഈ ലേഖനം അതിനു സഹായമായിത്തീരട്ടെ..

# മിസ്രയീംകാരത്തി എബ്രായവനിത

**ഡോ. ചാൾസ് ജോൺ, തിരുവനന്തപുരം**

വീരശൂരപരാക്രമിയും പ്രസിദ്ധനുമായ കനിഷ്ഠസഹോദരന്റെ നിഴലിൽ താരശോഭ മങ്ങിയ ഒരു ജ്യേഷ്ഠസഹോദരിയായാണു മിര്യാമിനെ നാം വീക്ഷിക്കുന്നത്. വേദപുസ്തകവേദിയിൽ പാർശ്വവത്കരിക്കപ്പെട്ട ഒരു സ്ത്രീരത്നമാണ് മിര്യാം. മിര്യാമിനെക്കുറിച്ചു ഓർക്കുമ്പോൾ നൈൽ നദീതീരത്തു ഞാങ്ങണയുടെ മറവിൽ നിന്നു അമ്മയ്ക്കുവേണ്ടി ചാരപ്പണി ചെയ്യുന്ന ഒരു എബ്രായബാലികയാണു നമ്മുടെ മനോമുകുരത്തിൽ ആദ്യം ഓടിയെത്തുന്നത്. എൺപതിലധികം വർഷങ്ങൾക്കുശേഷമാണു മിര്യാമിനെ നാം വീണ്ടും കണ്ടുമുട്ടുക. കാർമേഘാവൃതമായ നഭസ്സിലെ മിന്നൽപിണർപോലെ നിമിഷങ്ങൾ മാത്രം കൈയിൽ തപ്പുമായി ലക്ഷോപലക്ഷം വനിതകളുടെ നേതൃസ്ഥാനത്ത് ഇസ്രയേലിന്റെ ദൈവത്തെ നൃത്തത്തോടെ ആരാധിക്കുന്ന മിര്യാമിനെയാണു നാമിവിടെ കാണുന്നത്. പിന്നീട്, മിസ്രയീമ്യ അടിമത്തനത്തിന്റെ തീച്ചൂളയിൽനിന്നു അത്ഭുത പ്രവൃത്തികളുടെ മികവിലൂടെ ഇസ്രയേലിനെ വിടുവിച്ച് വാഗ്ദത്തനാട്ടിലേക്കു നയിക്കുന്ന വിഖ്യാതനായ സ്വസഹോദരനെതിരായി പടഹധ്വനി മുഴക്കി ദൈവകോപം ശിരസ്സിലേറ്റി കുഷ്ഠരോഗിണിയായി പാളത്തിനു പുറത്ത് ഏഴുദിവസം ഏകയായി പാർത്ത്, ഏതു സഹോദരനോടു മത്സരിച്ചുവോ ആ സഹോദരന്റെ മദ്ധ്യസ്ഥ പ്രാർത്ഥനയുടെ ഫലമായി മാറാരോഗത്തിനു സൗഖ്യം പ്രാപിച്ച് പാളയത്തിലേക്കു മടങ്ങിവരുന്ന മിര്യാമിനെയാണു നാം കാണുന്നത്. ഒടുവിലായി സംഖ്യ 20 ൽ കേവലം ഒറ്റവാകൃത്തിൽ മിര്യാമിന്റെ അന്ത്യത്തെക്കുറിച്ച് നാം വായിക്കുന്നു. നേതൃസ്ഥാനത്തിനായിട്ടുള്ള പോരാട്ടത്തോടെ മിര്യാമിന്റെ മികവുറ്റ ശുശ്രൂഷയ്ക്ക് അന്ത്യം കുറിച്ചുവെന്നു കരുതുന്നതിൽ തെറ്റില്ല. ദൈവിക വ്യവസ്ഥിതിയോടു മറുതലിക്കുന്നവരെ ദൈവം യഥാവസരം തത്സ്ഥാനത്തുനിന്നും നീക്കം ചെയ്യും.

ഇതൊക്കെയാണെങ്കിലും പഴയനിയമത്തിലും പുതിയനിയമത്തിലും എടുത്തുപറഞ്ഞിട്ടുള്ള സ്ത്രീരത്നങ്ങളുടെ ഉന്നതശ്രേണിയിൽ കർത്താവിന്റെ മാതാവായ മറിയ കഴിഞ്ഞാൽ ഏറ്റവും ഉന്നതസ്ഥാനമർഹിക്കുന്ന വനിതാരത്നമാണ് മിര്യാം എന്നു നിസ്സംശയം പറയാം. പേരിലും അവർ തമ്മിലുള്ള സമാനത ശ്രദ്ധേയമാണ്.

മീഖാ ആറാം അദ്ധ്യായം നാലാം വാക്യം അധികമാരും ശ്രദ്ധിക്കാറില്ലെന്നു സംശയിക്കുന്നു. "ഞാൻ നിന്നെ മിസ്രയീം ദേശത്തുനിന്നു പുറപ്പെടുവിച്ചു; അടിമവീട്ടിൽ നിന്നു നിന്നെ വീണ്ടെടുത്തു, മോശയെയും അഹരോനെയും മിര്യാമിനെയും നിന്റെ മുമ്പിൽ അയച്ചു." ഇവിടെ മോശെയോടും അഹരോനോടും തുല്യസ്ഥാനമാണു ദൈവത്തിന്റെ പരിശുദ്ധാത്മാവു മിര്യാമിനു കൊടുത്തിരിക്കുന്നത്. ഒരു കാര്യമിവിടെ വ്യക്തമാക്കട്ടെ. ഇവ

രിൽ മോശെയാണു സംഘത്തലവൻ എന്നത് തർക്കമറ്റ വസ്തുതയാണ്. എന്നാൽ, വിമോചിതരായ ഇസ്രയേൽമക്കളെ വാഗ്ദത്തനാട്ടിലേക്കു നയിക്കുവാൻ വ്യത്യസ്ത ചുമതലകൾ നല്കി ദൈവം തിരഞ്ഞെടുത്ത മൂന്നു വ്യക്തികളായിരുന്നു മോശെയും അഹരോനും മിര്യാമും. ഓരോരുത്തരുടെയും ചുമതലകൾക്കു യാതൊരു അവ്യക്തതയും ഉണ്ടായിരുന്നില്ല. യഹൂദപാരമ്പര്യങ്ങളും അവർ അനുവർത്തിക്കേണ്ട നിയമസംഹിതകളും പഠിപ്പിക്കയും പ്രവൃത്തി പഥത്തിലെത്തിക്കയുമായിരുന്നു മോശെയുടെ മുഖ്യ കർത്തവ്യം. ജനത്തിനുവേണ്ടി ദൈവവുമായി മാദ്ധ്യസ്ഥം വഹിക്ക എന്നതായിരുന്നു അഹരോന്റെ ദൗത്യം. മിര്യാമാകട്ടെ, ഒരു പ്രവാചകിയും (ഭവിഷ്യദ്വാദിനി) സ്ത്രീകൾക്കു ഒരു മാതൃകയും അതോടൊപ്പം അവരുടെ ഉപദേഷ്ടാവും വക്താവും നേതാവുമായി സേവനമനുഷ്ഠിക്കാൻ നിയുക്തയായ വ്യക്തിയായിരുന്നു. എന്തായിരുന്നാലും ഇസ്രയേലിന്റെ നടുനായകത്വം വഹിക്കുന്ന അവളുടെ സഹോദരന്മാരോടൊപ്പം സമുന്നതമായ ഒരു സ്ഥാനത്താണു നാം അവളെ കാണുന്നത്.

മിര്യാമിനെ ആദ്യമായി കാണുന്നത് പുറപ്പാട് രണ്ടാം അദ്ധ്യായം നാലാം വാക്യത്തിലാണ്. അവളുടെ പേര് അവിടെ രേഖപ്പെടുത്തിയിട്ടില്ലെങ്കിലും അതു മിര്യാം ആണെന്നു അനുമാനിക്കാം. യഹൂദചരിത്രകാരനായ ജൊസീഫസ് ആ സാദ്ധ്യതയെ സാധൂകരിക്കുന്നുണ്ട്. മോശെയുടെ സഹോദരനായ അഹരോൻ മോശെയെക്കാൾ മൂന്നുവയസ്സിനു മൂത്തതാണ്. മിര്യാമിന്റെ വയസ്സു പറയുന്നില്ലെങ്കിലും സാഹചര്യത്തെളിവുകളുടെ അടിസ്ഥാനത്തിൽ അഹരോനേക്കാൾ അഞ്ചാറു വയസ്സിനു മൂത്തതായിരുന്നുവെന്ന് അനുമാനിക്കാം. നൈൽനദിയിൽ ഞാങ്ങണപ്പെട്ടകത്തിൽ നിക്ഷേപിക്കപ്പെട്ട സ്വസഹോദരന്റെ ഭാവി അവളുടെ കൈകളിലാണെന്നു മിര്യം ചിന്തിച്ചിരിക്കാനിടയില്ല. പക്ഷേ, അവളുടെ പിഞ്ചു സഹോദരനെ രക്ഷിക്കാൻ വീണു കിട്ടിയ അവസരം ഒട്ടും പാഴാക്കാതെ പക്വതയുള്ള ഒരു നയതന്ത്രജ്ഞയുടെ പാടവത്തോടെ അവൾ പ്രവർത്തിച്ചതിന്റെ ഫലമായി വെള്ളത്തിൽനിന്നും വലിച്ചെടുക്കപ്പെട്ട സഹോദരനെ സ്വഭവനത്തിൽ തന്നെ വളർത്തുന്നതിനു ഇടയായി. ആ കാലയളവിൽ, തന്റെ പൈതൃകത്തെക്കുറിച്ചും തന്റെ സ്വജാതിക്കാർ ഫറവോന്റെ അടിമനുകത്തിൻ കീഴിൽ അനുഭവിച്ചുകൊണ്ടിരിക്കുന്ന കഠിനപീഡയെക്കുറിച്ചും അവരുടെ വിമോചനത്തിന്റെ ആവശ്യകതയെക്കുറിച്ചും എല്ലാം അറിവു നല്കുന്നതിന് അവന്റെ മാതാപിതാക്കൾക്കു സാധിച്ചു. ആ അവബോധം ദുഷ്ക്കരമായ തന്റെ ദൗത്യത്തിന്റെ സ്തുത്യർഹമായ നിർവഹണത്തിനു നിദാനമാവുകയും ചെയ്തു.

ഫറവോന്റെ ക്രൂരപീഡനങ്ങൾക്കു വിധേയരായ അടിമകളായിരുന്നു മിര്യാമിന്റെ മാതാപിതാക്കന്മാർ. അപ്രകാരമുള്ള അടിമകളുടെ മകൾ പ്രശസ്തിയുടെ കൊടുമുടിയിലെത്തിച്ചേരുന്നത് അത്ര എളുപ്പമുള്ള കാര്യമല്ല. രാജകല്പനയെ മറുത്ത് മൂന്നു മാസം പ്രായമായ സ്വസഹോദരന്റെ ജീവനെ രക്ഷിക്കാൻ മിര്യാം കാട്ടിയ വിപദിധൈര്യത്തെ എത്രകണ്ടു പ്രശംസിച്ചാലും

അതു അധികമായിപ്പോകയില്ല. ക്രൂരനായ ഫറവോന്റെ അടിമനുകത്തിൻ കീഴിൽ നട്ടംതിരിഞ്ഞ ഇസ്രയേൽമക്കളുടെ വിമോചകനാണു തങ്ങൾക്കു പിറന്ന ഉണ്ണിയെന്ന ഉൾക്കാഴ്ചയായിരിക്കാം ആ പൈതലിനെ ഏതു വിധേനയും രക്ഷിക്കാൻ അവർ ഒരുമ്പെട്ടത്. അതല്ലെങ്കിൽ, പില്ക്കാലത്തു പ്രവാചകി എന്നറിയപ്പെട്ട മിര്യാമിനു എബ്രായരുടെ ദൈവം നല്കിയ ദീർഘദർശനമാകാം ആ സാഹസികയത്നത്തിന്റെ പിന്നിൽ പ്രവർത്തിച്ച പ്രേരകശക്തി. എന്തായാലും ഒന്നുറപ്പാണ്: ദൈവം ആ പൈതലിനോടു കൂടെ ഉണ്ടായിരുന്നു. ദൈവത്തിന്റെ ഉദ്ദേശ്യങ്ങളെ അസാധുവാക്കാൻ ഒരു ഭൗതികശക്തിക്കും സാധ്യമല്ല. കുടുംബബന്ധങ്ങളുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ സ്വജീവനെയും തൃണവദ്ഗണിച്ച് സഹോദരനെ രക്ഷിക്കുവാനും സംരക്ഷിക്കുവാനും വെമ്പൽ കൊണ്ട മിര്യാം നമുക്കൊരു നല്ല മാതൃകയാണ്. നൈൽ നദിയിൽ ഉപേക്ഷിക്കപ്പെട്ട പൈതൽ മാതൃസംരക്ഷണയിൽ വളർന്നില്ലായിരുന്നെങ്കിൽ അവൻ മറ്റൊരു ക്രൂരനായ ഫറവോനായി പരിണമിക്കുമായിരുന്നു. തദ്വാരാ ഇസ്രയേലിന്റെ ചരിത്രം തിരുത്തിക്കുറിക്കപ്പെടുമായിരുന്നു! ഒരു ശിശുവിനെ സംബന്ധിച്ചിടത്തോളം 'രൂപം നല്കുന്ന വർഷങ്ങളായ' (formative years) ബാല്യകാലത്താണ് അവന്റെ സ്വഭാവരൂപീകരണം സംഭവിക്കുന്നത്. ആ കാലഘട്ടത്തിൽ സ്വന്തം മാതാപിതാക്കളുടെ സംരക്ഷണയിലായിരുന്നതുകൊണ്ട് മോശെയ്ക്ക് യെഹൂദജനതയുടെ നാഡിസ്പന്ദനം തിരിച്ചറിയാൻ കഴിഞ്ഞു. അതുകൊണ്ടാകണമല്ലോ ഫറവോന്റെ കൊട്ടാരത്തിലായിരുന്നിട്ടും ദൂരവ്യാപകമായ പ്രത്യാഘാതങ്ങളെ തൃണവദ്ഗണിച്ച് യെഹൂദനുവേണ്ടി 'പ്രഭുവും ന്യായാധിപതിയും" ആകാൻ താൻ തുനിഞ്ഞത്.

പേരെടുത്ത് പറഞ്ഞ് മിര്യാമിനെ വേദപുസ്തകത്തിൽ ആദ്യമായി അവതരിപ്പിക്കുന്നത് ഇസ്രയേൽ ചെങ്കടൽ കടന്നശേഷം മിസ്രയീമിന്മേൽ ചെങ്കടലിൽ ഉണ്ടായ വിജയം ആഘോഷിക്കുന്ന വേളയിലാണ് (പുറ: 15:20–21). അപ്പോഴേക്കും മിര്യാം ഇസ്രയേൽ മക്കളുടെ, വിശിഷ്യ സ്ത്രീകളുടെ അനിഷേദ്ധ്യനേതാവായി അംഗീകരിക്കപ്പെട്ടു കഴിഞ്ഞുവെന്നു കരുതാം. "അഹരോന്റെ സഹോദരി (മോശെയുടെയും) മിര്യാം എന്ന പ്രവാചകി" എന്നാണു പുറപ്പാടു 15 ന്റെ 20 ൽ മിര്യാമിനെ നമുക്കു പരിചയപ്പെടുത്തുന്നത്. മറിയ എന്ന ഗ്രീക്കുപദത്തിന്റെ എബ്രായരൂപമാണു മിര്യാം. ആ പേരിനു മത്സരം, നിർബന്ധബുദ്ധി ഇത്യാദി അർത്ഥങ്ങളുണ്ട്. മിര്യാമിനു പ്രവചനവരം ഉണ്ടായിരുന്നു. പഴയ നിയമത്തില പ്രവാചകി എന്നു ആദ്യം വിളിക്കപ്പെട്ടത് മിര്യാമാണ്. അതിനുശേഷം ദെബോരാ, ഹുൽദാ, നോവദ്യ എന്നിവരും പഴയനിയമത്തിൽ പ്രവാചകിമാരായി അറിയപ്പെടുന്നു. മോശെ, അഹരോൻ എന്നിവരോടൊപ്പം മിര്യാമിനും ഇസ്രായേലിന്റെ മരുഭൂമിപ്രയാണത്തിൽ നിർണ്ണായകമായ ഒരു പങ്കുണ്ടായിരുന്നു. മോശെയുടെ കരങ്ങൾക്കു ശക്തി പകർന്ന (പുറ. 17:10,12) ഹൂരിന്റെ ഭാര്യയായിരുന്നു മിര്യാമെന്ന് യെഹൂദചരിത്രകാരനായ ജൊസീഫസ് അഭിപ്രായപ്പെടുന്നു. തൊണ്ണൂറിലധികം വയസ്സു പ്രായമുള്ള വന്ദ്യവയോധികയായ മിര്യാമും അവളെ അനുഗമിച്ച് സ്ത്രീകൾ എല്ലാവരും

തപ്പുകളോടു പ്രതിഗാനം ചെയ്തു. മരംകൊണ്ടുള്ള ചട്ടക്കൂട്ടിൽ രണ്ടു വശങ്ങളിലും തോലുകൊണ്ടു നിർമ്മിച്ചിട്ടുള്ളതും പാട്ടിനും നൃത്തത്തിനും താളസൂചകമായി അധികവും സ്ത്രീകൾ ഉപയോഗിച്ചിരുന്നതും ആയ ഒരു ചെറിയ ചെണ്ടയാണ് തപ്പ്.

മൂന്നാമതായി മിര്യാമിനെ നാം കണ്ടുമുട്ടുന്നത് സംഖ്യാപുസ്തകം പന്ത്രണ്ടാം അദ്ധ്യായത്തിലാണ്. കുഞ്ഞനുജനു കാവൽനിന്നു രക്ഷിക്കയും ഇസ്രയേലിന്റെ അനിഷേദ്ധ്യനേതാവിനൊപ്പം മിസ്രയീമ്യരുടെമേൽ ദൈവത്തിന്റെ ജയം പ്രകീർത്തിക്കുന്ന ഗാനത്തിനു ഇസ്രയേല്യ വനിതകളെക്കൊണ്ട് പ്രതിഗാനം പാടിക്കയും അവരോടൊപ്പം നൃത്തം ചെയ്കയും ചെയ്ത മിര്യാമിനെ തികച്ചും വ്യത്യസ്തമായ നിലയിലാണ് നാമിവിടെ കാണുന്നത്. അഹരോന്റെ പിൻതുണയോടെ അവൾ മോശെയുടെ നേതൃത്ത്വത്തിനെതിരേ വെല്ലുവിളി മുഴക്കുന്നു. മോശെയുടെ ഉന്നമനത്തിനും സ്ഥാനലബ്ധിക്കും വേണ്ടി ആത്മാർത്ഥമായി പ്രവർത്തിച്ച അതേ മിര്യാം ഒരു പക്ഷേ, മോശെയുടെ ഭാര്യ, തന്റെ സ്ഥാനം അപഹരിക്കുമോ എന്നു ഭയന്നായിരിക്കാം അധികാരവടംവലിക്കു ചരടുപിടിച്ചത്. അമ്മാവിയമ്മപ്പോരും നാത്തൂൻപോരും അന്നും നിലനിന്നിരുവെന്നുവേണം ചിന്തിക്കുവാൻ. അഹരോനും തന്റെ ഇളയ സഹോദരനു ലഭിച്ച അംഗീകാരത്തിൽ അല്പം അസൂയ തോന്നിക്കൂടെന്നില്ലല്ലോ. ദൈവകോപം അവരുടെ നേരെ ജ്വലിച്ചു. മിര്യാമിനെ കുഷ്ഠം ബാധിച്ചു. നിരന്തരം പരാതിമാത്രം പറയുന്ന ഒരു ജനതയെ നയിക്കുന്ന തങ്ങളുടെ ഇളയ സഹോദരനായ മോശെയ്ക്കു ആവുന്നത്ര ധാർമ്മികപിൻതുണ നല്കുവാൻ ബാധ്യസ്ഥരായ സഹോദരനും സഹോദരിയും തനിക്കെതിരായി മത്സരിച്ച് കലഹക്കാരുടെ പക്ഷം ചേർന്നത് മോശെയെ വല്ലാതെ തളർത്തിയിരിക്കും. ലോകത്തിലേക്കും സൗമ്യനായ മോശെ അവർക്കെതിരേ ഒരു അച്ചടക്കനടപടിയും എടുത്തതായി കാണുന്നില്ല. എന്നാൽ ദൈവം മോശെയ്ക്കുവേണ്ടി ശിക്ഷാനടപടി സ്വീകരിച്ചു. ദൈവത്തിനു ഏറ്റവും പ്രിയങ്കരനായ മോശെയ്ക്കു എതിരായി സംസാരിക്കുവാൻ മിര്യാമും അഹരോനും മുതിർന്നത് ഒട്ടും ന്യായീകരിക്കാവുന്നതല്ല. മിര്യാമിനു അഹരോനും പ്രത്യേക ശുശ്രൂഷകൾ ദൈവം നല്കിയിരുന്നു. എന്നാൽ ഇസ്രയേലിന്റെ നേതൃത്ത്വം ദൈവം മോശെയ്ക്കാണു നല്കിയിരുന്നത്.

ഈ പാഠഭാഗത്തുനിന്ന് നമുക്കു നിരവധി പാഠങ്ങൾ പഠിക്കുവാനുണ്ട്. ദൈവം ഓരോരുത്തർക്കും വ്യത്യസ്തമായ കഴിവുകളും ഉത്തരവാദിത്തങ്ങളും പദവികളും ആണ് നല്കിയിരിക്കുന്നത്. മറ്റുള്ളവരുടെ കൂടുതൽ ഉത്കൃഷ്ടമായ പദവികൾ കണ്ടു നാം അസൂയാലുക്കൾ ആകരുത്. അവരെ പദവിയിൽ നിന്നും നിഷ്കാസനം ചെയ്യാൻ കുടിലതന്ത്രങ്ങൾ നാം മെനയരുത്. സൗമ്യനായ മോശെ ഒരു ശിക്ഷണനടപടിയും എടുക്കേണ്ട ആവശ്യമില്ല. ദൈവദാസന്മാർക്കെതിരേ ചരടുവലിക്കുന്നവർക്കുള്ള ശിക്ഷാവിധി നടപ്പാക്കുന്നത് അവരെ തത്സ്ഥാനത്തു അവരോധിച്ച ദൈവം തന്നെ. “ജീവനുള്ള ദൈവത്തിന്റെ കൈയിൽ വീഴുന്നത് എത്ര ഭയങ്കരം! ‘പ്രതികാരം യഹോവയ്ക്കുള്ളത്.’ അതു അങ്ങോട്ടു ഭരമേല്പിക്കുക. മോശെയെപ്പോലെ മത്സ

രികൾക്കുവേണ്ടി പ്രാർത്ഥിക്കാൻ മറക്കരുത്. മോശെയോടു മനസ്സലിഞ്ഞ ദൈവം നമ്മോടും മനസ്സലിഞ്ഞ് അവരുടെ മനോഭാവത്തിനു മാറ്റം വരുത്തും. നമുക്കു അർഹമായ അംഗീകാരവും നല്കും. "അവൻ (മോശെ) എന്റെ ഗൃഹത്തിൽ ഒക്കെയും വിശ്വസ്തൻ" പ്രവാചകന്മാർക്കു ദൈവം **ദർശനത്തിൽ തന്നെ വെളിപ്പെടുത്തുകയും സ്വപ്നത്തിൽ അവരോടു അരുളിച്ചെയ്കയും** ചെയ്യുമ്പോൾ മോശെയോടു അവിടന്നു മറപൊരുളായിട്ടല്ല, അഭിമുഖമായിട്ടും സ്പഷ്ടമായിട്ടും അത്രേ അരുളിച്ചെയ്യുന്നത്. വാസ്തവം ഇതായിരിക്കെ, ദൈവവുമായി അഭിമുഖസംഭാഷണത്തിലേർപ്പെടുന്നു എന്നവകാശപ്പെടുന്ന ആധുനിക പ്രവാചകന്മാർ സൂക്ഷിക്കുക. അവർ ദൈവവുമായിട്ടായിരിക്കില്ല പ്രത്യുത, വെളിച്ചദൂതനുമായിട്ടാവണം അഭിമുഖസംഭാഷണം നടത്തുന്നത്. ദൈവവചനത്തിനു വിപരീതമായി സംസാരിക്കുന്നത് വെളിച്ചദൂതനല്ലാതെ പിന്നെ ആരാണ്? 'ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല.

ദൈവം നമ്മെ ഓരോരുത്തരെയും ഭരമേല്പിച്ച ദൗത്യം വിശ്വസ്തതയോടെ നിർവഹിച്ചു താണിരിക്കുക. തത്സമയത്തു അവൻ നമ്മെ ഉയർത്തും. നാം അതിനു കുറുക്കുവഴികൾ ഒന്നും തേടേണ്ട കാര്യമില്ല. വിശ്വസ്തത നമ്മുടെ മുഖമുദ്രയായിരിക്കട്ടെ. വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരുടെ ഇടയിൽ ചുരുക്കം.

* * * * *


## സൗജന്യ വേദാധ്യയനം

**ഇംഗ്ലീഷിലോ മലയാളത്തിലോ ഉള്ള വേദപാഠങ്ങൾ തപാൽ വഴി പഠിച്ച് ഡിപ്ലോമായും പഴയതും പുതിയതും നിയമങ്ങൾ അടങ്ങിയ മുഴുവേദപുസ്തകവും കരസ്ഥമാക്കുക.**

*സൗജന്യ കറസ്പോണ്ടൻസ് കോഴ്സുകൾക്ക് എഴുതേണ്ട വിലാസം*

**The Director**
Good News Ministries
Akkulam Road, Trivandrum - 695 031

# തിരുവെഴുത്തിൽ സ്ത്രീകളുടെ സ്ഥാനം– ശുശ്രൂഷകൾ (തുടർച്ച)

**തോമസ് മത്തായി, ആനിക്കാട്**

**3. ന്യായപ്രമാണകാലം.**

സൃഷ്ടിയിലും, മനുഷ്യരാശിമുഴുവനായും പാപത്തിൽ വീണു പോയതിലും സ്ത്രീയുടെ പങ്കാളിത്തം എന്താണ് എന്ന് നാം ചിന്തിച്ചു കഴിഞ്ഞു. ദൈവത്തിന്റെ പദ്ധതികൾക്ക് മുഖ്യസ്ഥാനം കൊടുക്കാതെയും പുരുഷന് വിധേയപ്പെടാതിരുന്നതു നിമിത്തവും, സ്ത്രീ നിമിത്തം ഭവിച്ചതായ വിന എത്രയോ വലുതാണ് എന്ന് രണ്ടുമണ്ഡലങ്ങളിൽ നിന്നും വ്യക്തമാകുന്നു. തുടർന്ന് ന്യായപ്രമാണകാലത്ത് സ്ത്രീകളുടെ സ്ഥാനം/ശുശ്രൂഷകൾ എപ്രകാരം ആയിരുന്നു എന്ന് ചിന്തിക്കാം.

പുതിയ നിയമത്തിൽ ഇതു സംബന്ധിച്ച് –1കൊരി. 14:34, 35 വാക്യങ്ങൾ നമുക്ക് വെളിച്ചം തരുന്നു. വിശുദ്ധന്മാരുടെ സർവ്വസഭകളിലും എന്നപോലെ സ്ത്രീകൾ സഭായോഗങ്ങളിൽ മിണ്ടാതിരിക്കട്ടെ. ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാനല്ലാതെ സംസാരിപ്പാൻ അവർക്ക് അനുവാദമില്ല.... സ്ത്രീ സഭയിൽ സംസാരിക്കുന്നത് അനുചിതമല്ലൊ.

ന്യായപ്രമാണകാലത്ത് –ഇതിന് വ്യക്തമായ വാക്യം/ കല്പന കാണുന്നില്ല എങ്കിലും, പൊതുവെയുള്ളതായിരുന്ന രീതി സ്ത്രീകൾ പുരുഷശബ്ദത്തിന് അധീനമായിരുന്നു എന്നാണ് –പുറ: 34:23. സംവത്സരത്തിൽ മൂന്ന് പ്രാവശ്യം പുരുഷന്മാരൊക്കെയും യിസ്രായേലിന്റെ ദൈവമായി യഹോവയായ കർത്താവിന്റെ മുമ്പാകെ വരണം. സ്ത്രീകളോട് വിദ്വേഷമുള്ളതുകൊണ്ടായിരിക്കുമോ ഇപ്രകാരം പറഞ്ഞത്? ഒരിക്കലുമല്ല. സ്ത്രീകൾ യാത്രചെയ്ത് കഷ്ടപ്പേടേണ്ട എന്ന് കരുതിയായിരിക്കുമോ അപ്രകാരം പറഞ്ഞത്?

ഒരിക്കലുമല്ല! മൂന്ന് പ്രാവശ്യത്തിൽ ഒരു പ്രാവശ്യമെങ്കിലും സ്ത്രീകളും കൂടെ വരട്ടെ എന്ന് പറയാമായിരുന്നുവല്ലോ. ഇല്ല!

ഒരു പ്രാവശ്യം എങ്കിലും വരണം എന്ന് താത്പര്യമുള്ള സ്ത്രീകൾ എന്തു ചെയ്യണം? ഉത്തരം. വരുവാൻ പാടില്ല. ചുരുക്കത്തിൽ ദൈവത്തിന്റെ പ്രമാണങ്ങൾക്ക് വിധേയപ്പെട്ടും, ചട്ടങ്ങൾ മനസ്സിലാക്കിയും വേണം ദൈവമുമ്പാകെ വരുവാൻ. മനുഷ്യതാത്പര്യങ്ങൾ പ്രമാണപരിധിക്കുള്ളിലായിരിക്കണം എന്ന് സാരം!

പണ്ട് ദൈവത്തിൽ പ്രത്യാശവച്ചിരുന്ന വിശുദ്ധ സ്ത്രീകൾ എപ്രകാരമായിരുന്നു എന്ന് ഇപ്പോഴുള്ളവർ മനസ്സിലാക്കുവാൻ പത്രോസ് അബ്രഹാമിന്റെ ഭാര്യ സാറായെ ചൂണ്ടിക്കാണിക്കുന്നു. .....“ഇങ്ങനെയല്ലോ.....വിശുദ്ധ സ്ത്രീകൾ തങ്ങളെ തന്നെ അലങ്കരിച്ച് ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നത്. അങ്ങനെ സാറാ അബ്രഹാമിനെ യജമാനൻ എന്ന് വിളിച്ചു അനുസരിച്ചിരുന്നു” 1 പത്രോ.3:5, 6. ന്യായപ്രമാണകാലത്തെ ഭക്തിയുള്ള സ്ത്രീകളുടെ

പൊതുവേയുള്ള രണ്ട് പ്രത്യേകതകൾ ഇവിടെ എടുത്തു പറഞ്ഞിരിക്കുന്നു.

ഒന്ന്- ഭർത്താക്കന്മാർക്ക് കീഴടങ്ങിയിരുന്നു.

രണ്ട്- ഭർത്താക്കന്മാരെ അനുസരിച്ചിരുന്നു.

ഭീഷണി പേടിച്ചല്ല സാറാ കീഴടങ്ങിയിരുന്നത്. പ്രത്യുത അത് ദൈവ സന്നിധിയിൽ വിലയേറിയത് എന്നുള്ള ദിവ്യബോധത്തിൽ നിന്നുമാണ്.

ഇപ്രകാരമുള്ള സ്ത്രീകൾ അകമേയുള്ള ആത്മീയ മനുഷ്യന്റെ അല ങ്കാരത്തിന് കൂടുതൽ പ്രാധാന്യം നൽകി, സമയം ചെലവാക്കുന്നു, വിനി യോഗിക്കുന്നു. ആത്മീയ വിഷയങ്ങളിൽ സമയവും, സമ്പത്തും.....

അല്ലാത്ത സ്ത്രീകൾ, പുറമേയുള്ള മനുഷ്യനെ അലങ്കരിക്കുവാൻ കൂടു തൽ, പണവും സമയവും ചെലവാക്കുന്നു. അത് ദൈവന്നിധിയിൽ വിലയേ റിയതല്ല എങ്കിലും മനുഷ്യരുടെ മുമ്പിൽ വിലയേറിയത് ആയിരിക്കും.

ആകയാൽ ന്യായപ്രമാണകാലത്ത് സ്ത്രീകൾക്ക് അനുവദിച്ചിരുന്ന സ്ഥാനവും ശുശ്രൂഷകളും നേതൃത്വനിലവാരത്തിലുള്ളതല്ല എന്ന് കാണുവാൻ കഴിയുന്നു. എന്നാൽ, പഴയ നിയമകാലത്ത് വിവിധ ശുശ്രൂഷകൾ ചെയ്ത തായ സ്ത്രീകളെക്കുറിച്ച് നാം വായിക്കുന്നുണ്ട്. അവയിൽ ഏതാനും ചിലത് വിചിന്തനത്തിനായി എടുക്കാം.

i. പുറ.15:20 അഹരോന്റെ സഹോദരി മിര്യാം എന്ന പ്രവാചകി കൈയിൽ തപ്പു എടുത്തു സ്ത്രീകൾ എല്ലാവരും തപ്പുകളോടും നൃത്തങ്ങ ളോടും കൂടെ അവളുടെ പിന്നാലെ ചെന്നു. മനുഷ്യ പ്രേരണ കൂടാതെ തന്നെ ചെയ്ത ശ്രേഷ്ഠമായ ഒരു ആത്മീയശുശ്രൂഷയാണ് മിര്യാം ചെയ്തത്. സ്ത്രീകൾ എല്ലാവരും..... അവളുടെ പിന്നാലെ ചെന്നു. പുരുഷന്മാരുടെ കൂട്ടത്തെ ഇവിടെ വായിക്കുന്നില്ല. She led the women..ഇവിടെ മിര്യാമിന്റെ പ്രവൃത്തി ദൈവത്തിന് സ്വീകാര്യമായി എന്നാൽ മോശെക്കെതിരെ അഹ രോനെ നയിച്ചതിൽ മിര്യാം ശിക്ഷ അനുഭവിക്കുകയും ചെയ്തു. സംഖ്യ12. നാത്തൂൻ പോരിനായി അഹരോനെ കൂട്ടുപിടിക്കരുതായിരുന്നു. കുഷ്ഠരോഗം അഹരോന് നൽകിയതുമില്ല. രക്തബന്ധത്തിന്റെ അടിസ്ഥാനത്തിൽ പ്രമാ ണത്തിന് അയവില്ല!

ii.പുറ.35:22-29. പുരുഷന്മാരും സ്ത്രീകളുമായി ഔദാര്യമനസുള്ള വർ എല്ലാവരും....കൊണ്ടുവന്നു. സമാഗമന കൂടാരപ്പണിയോടുള്ള ബന്ധ ത്തിൽ, സ്ത്രീകളുടെ ദാനം, ത്യാഗം, സേവനം.... എല്ലാം ദൈവത്തിന് പ്രസാ ദമായി. വിശുദ്ധമന്ദിരത്തിന്റെ നിർമ്മിതിക്കായി സ്ത്രീകളുടെ സേവനം ഇന്നും വിലപ്പെട്ടതാണ്. They were labouring...not leading. കൂടാര വാതില്ക്കൽ സേവചെയ്ത സ്ത്രീകളും ദാനം ചെയ്തു-പുറ. 38.8 എന്നാൽ തങ്ങളുടെ സ്ഥാനം സൂക്ഷിച്ചില്ല. -1 ശമു. 2:22.

iii.ന്യായാ 4:4.....ദേബോര എന്ന പ്രവാചകി യിസ്രായേലിൽ ന്യായാ പാലനം ചെയ്തു യിസ്രായേലിൽ പുരുഷന്റെ നേതൃത്വ ഭീരുത്വം നിമിത്തം ദൈവം എഴുന്നേല്പ്പിച്ച ഈ സ്ത്രീ, യോദ്ധാവാകുന്ന ബാരാക്കിനെ വിളിച്ച് പറഞ്ഞു. പതിനായിരം പേരെ കൂട്ടി യുദ്ധത്തിന് പോക.... സിസെരയെയും അവന്റെ രഥങ്ങളെയും....നിന്റെ കയ്യിൽ ഏല്പിക്കുമെന്ന് യിസ്രായേലിന്റെ ദൈവമായ യഹോവ നിന്നോട് (എന്നോടല്ല) കല്പിക്കുന്നു എന്ന് പറഞ്ഞു.

ഭീരുവായ പുരുഷന്റെ മറുപടി: നീ എന്നോടുകൂടെ വരുന്നെങ്കിൽ ഞാൻ പോകാം, വരുന്നില്ല എങ്കിൽ ഞാൻ പോക ഇല്ല- ന്യായ.4:7,8, 5:7. ഇങ്ങനെയുള്ള നായകന്മാർ ഉണ്ടായിരുന്ന കാലത്ത്, ദെബോരയെ ദൈവം എഴുന്നേല്പ്പിച്ചതിൽ അത്ഭുതപ്പെടാനില്ല. യിസ്രായേലിലെ പൊതുവെയുള്ള നിലവാരം വളരെ താണു പോയി എന്നതിന്റെ അടയാളം. യിസ്രയേൽ ജയിച്ചാൽ അതിന്റെ ബഹുമാനം ഒരു സ്ത്രീയ്ക്ക് വരുവാൻ പാടില്ല. പുരുഷന് തന്നെ ആയിരിക്കണം എന്നാഗ്രഹിച്ച് ഈന്തപ്പനക്കീഴിൽ പാർത്ത സ്ത്രീ!അവൾ ആയിരിക്കേണ്ട സ്ഥാനം അവൾ കാത്തു സൂക്ഷിച്ചു. എന്നാൽ ബാരാക്കിന് ധൈര്യം പകരുവാൻ ദെബോര എഴുന്നേറ്റ് ബാരക്കിനോടു കൂടെ കേദേശിലേക്ക് പോയി-ന്യായ. 4:9. ശത്രുവിനെ ഒരു സ്ത്രീയുടെ കയ്യിൽ ഏല്പിക്കുന്നത് ലജ്ജയാണ്. എങ്കിൽ സ്ത്രീയെ ന്യായാധിപസ്ഥാനത്തേക്ക് വരുവാൻ നിർബന്ധിക്കപ്പെട്ടതും ലജ്ജാകരം തന്നെ. ഇപ്രകാരം സ്ത്രീകൾക്ക് ഭീരുത്വമുള്ളവരെയും, കഴിവില്ലാത്തവരെയും സഹായിക്കാവുന്നതാണ്, പ്രോത്സാഹിപ്പിക്കാവുന്നതാണ്. Deborah did not lead Barak, but encouraged him ദെബോരയോടു കൂടെ ബാരാക്ക് പോയില്ല... ബാരാക്കിനോടുകൂടെ ദെബോര പോയി... എബ്രാ. 11:32ൽ ബാരാക്ക് വിശ്വസവീരന്മാരുടെ പട്ടികയിൽ വന്നു, ദെബോര തള്ളപ്പെട്ടു! അവൾക്ക് പരാതിയുമില്ല!

iv. 2.രാജാ. 4:8-37 ശൂനേമിലെ ധനികയായ സ്ത്രീ. ദൈവപുരുഷനായ എലീശായെ മാന്യമായി സ്വീകരിച്ച് അതിഥിസൽക്കാരം ചെയ്യുവാൻ പ്രത്യേകമായ മാളികമുറി പണിയുവാൻപോലും താത്പര്യം കാണിച്ച പണ്ട് ദൈവത്തിൽ പ്രത്യാശവച്ചിരുന്ന ഒരു വിശുദ്ധ സ്ത്രീ! ഏലീശയെ കരുതിയതു നിമിത്തം തന്റെ നാമത്തോട് കാണിച്ച സ്നേഹം മറന്നതുമില്ല- എബ്രാ. 6:10. ഭർത്താവ് വൃദ്ധൻ എങ്കിലും അദ്ദേഹത്തോട് ആലോചിച്ച് മാളികമുറി പണിയുവാനും എലീശ അവളെ വിളിച്ചപ്പോൾ മാളികമുറിയുടെ വാതില്ക്കൽ മാത്രം നിന്ന വിധേയത്വമുള്ള സ്ത്രീ.

ഇപ്രകാരം ന്യായപ്രമാണകാലത്തുള്ള സ്ത്രീകളും ലജ്ജാശീലത്തോടെ, തങ്ങളുടെ സ്ഥാനം കളങ്കപ്പെടുത്താതെ കാത്തു സൂക്ഷിച്ച്, അനുസരണത്തോടെ പുരുഷന്മാർക്ക് കീഴ്പ്പെട്ടിരുന്നു ദൈവസേവയിൽ എരിവുള്ളവരായിരുന്നു.

ലേവ്യ ഗോത്രത്തിൽ പുരോഹിത ആയിട്ടോ, സമാഗമന കൂടാരത്തിൽ ഔദ്യോഗിക സേവ ചെയ്യുവാനോ, ദൈവം സ്ത്രീയെ തിരഞ്ഞെടുക്കുകയോ അനുവദിക്കുകയോ ചെയ്തിട്ടില്ല.

ആകയാൽ ന്യായപ്രമാണവും പറയുന്നതുപോലെ കീഴടങ്ങിയിരിപ്പാൻ എന്നുള്ള പൗലോസിന്റെ പ്രസ്താവനപൂർണ്ണമായും അംഗീകാരയോഗ്യം തന്നെ എന്ന് തെളിയുന്നു.

മുന്നമെയിരുന്നിവിടെ ചെലവു കണ-
ക്കൊന്നു പരീക്ഷ ചെയ്യുവിൻ....
അല്ലാതെ തുടങ്ങിയാലെല്ലാം തീരുമതിൻമുൻ
പല്ലൽ പിണഞ്ഞു ലോകർക്കെല്ലാം ചിരിക്കിടയാം....

# ഒരു ക്രിസ്തീയ വനിതയുടെ പെരുമാറ്റം എങ്ങനെയായിരിക്കണം?

1. **“ആകയാൽ മകളേ, ഭയപ്പെടേണ്ടാ, നീ ചോദിക്കുന്നതൊക്കെയും ഞാൻ ചെയ്തുതരാം; നീ ഉത്തമ സ്ത്രീ എന്നു എന്റെ ജനമായ പട്ടണക്കാർക്കു എല്ലാവർക്കും അറിയാം.” (രൂത്ത്. 3:11)**
   - ❖ ദൈവീക സ്വഭാവവും ഒരു ഉത്തമ സ്ത്രീയുടെ ഗുണഗണങ്ങളും ചേർന്ന സൽപ്പേര് എനിക്കുണ്ടോ?
   - ❖ എന്റെ ഹൃദയത്തേയും, ചിന്തയേയും, പ്രവർത്തികളേയും ദുഷിപ്പിക്കാൻ സാധ്യതയുള്ള എല്ലാ സ്വാധീനങ്ങളിൽ നിന്നും ഞാൻ എന്നെത്തന്നെ നിർമ്മലയായി കാത്തുസൂക്ഷിക്കുന്നുവോ?
2. **“അവൾ ജ്ഞാനത്തോടെ വായ് തുറക്കുന്നു; ദയയുള്ള ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട്” (സദൃശ്യവാക്യങ്ങൾ 31:26)**
   - ❖ ദയയും ബുദ്ധിയുമുള്ള വാക്കുകളിലൂടെ എന്റെ കുടുംബത്തേയും, സ്നേഹിതരെയും പരിചയക്കാരേയും ഞാൻ അനുഗ്രഹിക്കുന്നുണ്ടോ?
   - ❖ ബുദ്ധിയുള്ള വാക്കുകൾ സംസാരിക്കുന്നതെങ്ങനെയെന്നറിയുന്നതിനായി ഞാൻ ദൈവവചനം പഠിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നുണ്ടോ?
   - ❖ ജനങ്ങളുടെ ജീവിതത്തേയും ആവശ്യങ്ങളേയും സ്പർശിക്കുന്ന പ്രത്യേക വേദഭാഗങ്ങളിലേക്ക് ഞാൻ അവരുടെ ശ്രദ്ധ തിരിക്കാറുണ്ടോ?
3. **“ദീർഘക്ഷാന്തികൊണ്ടു ന്യായാധിപന്നു സമ്മതം വരുന്നു; മൃദുവായുള്ള നാവു അസ്ഥിയെ നുറുക്കുന്നു.” (സദൃശ്യവാക്യങ്ങൾ 25: 15)**
   - ❖ സമ്മർദ്ദങ്ങൾക്കും, അടിക്കടിയുള്ള കുറ്റപ്പെടുത്തലുകൾക്കും പകരം തെറ്റുകൾ ചെയ്യുന്നുവെന്ന് എനിക്കു തോന്നുന്ന അധികാരികളുടെ ഹൃദയത്തിന് ദൈവം മാറ്റം വരുത്തുന്നതുവരെ ഞാൻ ശാന്തതയോടെ കാത്തിരിക്കുവാൻ തല്പരയാണോ?
   - ❖ പരുഷമായ വാക്കുകളിലൂടെ മറ്റുള്ളവരെ ഭരിക്കുന്നതിനും ഭീഷണിപ്പെടു ത്തുന്നതിനു പകരം ശാന്തതയുള്ള വാക്കുകളാൽ അവരെ സ്വാധീനിക്കുന്ന തിനു ഞാൻ ശ്രദ്ധിക്കാറുണ്ടോ?
4. **“സ്ത്രീ മൗനമായിരുന്നു പൂർണ്ണാനുസരണത്തോടുംകൂടെ പഠിക്കട്ടെ?” (1 തിമൊ. 2:11)**
   - ❖ പഠിക്കുന്നതിനു താല്പര്യമുള്ള വ്യക്തിയാണോ ഞാൻ?
   - ❖ സൗമ്യതയുടെയും അനുസരണത്തിന്റെയും ആത്മാവിനാൽ നിർദ്ദേശങ്ങൾ സ്വീകരിക്കുന്ന വ്യക്തിയാണോ ഞാൻ?
5. **“ശണ്ഠയും ദുശ്ശീലവുമുള്ള സ്ത്രീയോടുകൂടെ പാർക്കുന്നതിലും നിർജ്ജന പ്രദേശത്തുപോയി പാർക്കുന്നതു നല്ലതു” (സദൃശ്യവാക്യങ്ങൾ 21:19)**
   - ❖ എന്നോടൊപ്പം ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവരുടെ ജീവിതം സുഗമമാക്കുന്നതാണോ എന്റെ സവിശേഷത?
   - ❖ കോപത്തിന്റെയോ, വാഗ്വാദത്തിന്റെയോ ആത്മാവു നിമിത്തം ഞാൻ മറ്റുള്ളവരെ വിഷാദഭരിതരാക്കുകയോ എന്നിൽ നിന്നും അകന്നു ജീവിക്കുവാൻ ഇടവരുത്തുകയോ ചെയ്യുന്നുണ്ടോ?

(കടപ്പാട്: Nancy Leigh DeMoss ന്റെ Biblical Portrait of Discovering and living our God’s plan for Womanhood our livesഎന്ന പുസ്തകത്തിൽ നിന്നും എടുത്തത്)

# കൗമാരപ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

ഇവാ. ജോസഫ് ഇടക്കാട്ടിൽ, നിലമ്പൂർ

**6. റോൾ കൺഫ്യൂഷൻ**

കൗമാരകാലഘട്ടത്തിന്റെ മാത്രം ഒരു സവിശേഷതയാണ് റോൾ കൺഫ്യൂഷൻ. കുട്ടിത്തം വിട്ടു എന്നാൽ മുതിർന്ന വ്യക്തിയുടെ സ്വഭാവ പെരുമാറ്റങ്ങൾ കൈവന്നിട്ടുമില്ല. ഈ അവസ്ഥയെ ഐഡന്റിറ്റി ക്രൈസിസ് എന്നും വിളിക്കാറുണ്ട്. ശാരീരികമായി മാതാപിതാക്കളുടെ അത്രയും വളർന്നിട്ടുണ്ടാവും. എന്നാൽ വൈകാരികമായും ബുദ്ധിപരമായും പക്വത കൈവന്നിട്ടുമില്ല. ഹയർ സെക്കന്ററിക്ക് പഠിക്കുന്ന കുട്ടികൾ സഭായോഗത്തിലും യൂത്ത് മീറ്റിംഗിനുമൊക്കെ ചെറിയ കുട്ടികളുടെ കൂട്ടത്തിൽ ഇരിക്കുവാൻ മടിക്കുന്നത് കാണാം.

ഞങ്ങളും മുതിർന്ന വ്യക്തികളായല്ലോ, എന്നിട്ടെന്താ ഞങ്ങളുടെ വാക്കിന് ആരും വിലകല്പ്പിക്കാത്തതെന്നാണ് ഇവരുടെ പരാതി. വീട്ടിൽ ചേച്ചിയുടെ വിവാഹലോചന നടക്കുന്ന സമയത്ത് ചാടിക്കയറി കൗമാരക്കാരൻ അഭിപ്രായം പറയും. അപ്പോൾ വീട്ടിലെ മുതിർന്നവർ ആരെങ്കിലും നീ പോടാ, പിള്ളേർക്ക് ഇവിടെ എന്താ കാര്യം എന്ന് ചോദിക്കും. ഇങ്ങനെയുള്ള പെരുമാറ്റം അവന്റെ മനസ്സിനെ സംഘർഷ ഭരിതമാക്കും. അടുത്ത ദിവസം അവൻ എന്തെങ്കിലും വികൃതിയോ, മറ്റോ കാണിച്ചാൽ നിനക്കിത്ര വലുപ്പമില്ലേടാ, എന്ന ചോദ്യവുമായാണ് അവനെ മുതിർന്നവർ നേരിടുന്നത്.

മാതാപിതാക്കളും അദ്ധ്യാപകരും കൗമാരക്കാരുടെ ഐഡന്റിറ്റി, ക്രൈസിസിൽ അവരുടെ കൂടെയുണ്ടാകണം.

സന്ദർഭോചിതമായി അവരുടെ വ്യക്തിത്വത്തെ മാനിച്ചുകൊണ്ടുള്ള ഇടപെടലുകൾ മുതിർന്നവരുടെ ഭാഗത്തു നിന്നുണ്ടാകണം. പരിഹസിക്കുന്ന തരത്തിലും തരം താഴ്ത്തുന്ന വിധത്തിലും ഒരിക്കലും ഇടപെടരുത്. റോൾ കൺഫ്യൂഷന്റെ കാലഘട്ടത്തിൽ ധൈര്യവും പ്രോത്സാഹനവും ലഭിക്കുന്ന കൗമാരക്കാരൻ ഗുണപരമായ വ്യക്തിത്വത്തിന്റെ ഉടമയായിത്തീരുന്നതാണ്.

**7. എന്നെ ആർക്കും ഇഷ്ടമില്ല.**

അനേക കൗമാരക്കാർ പറയുന്ന ഒരു പരാതിയാണ് അവരെ ആരും ഇഷ്ടപ്പെടുന്നില്ല. അവരെ ആരും സ്നേഹിക്കുന്നില്ല എന്നൊക്കെ. മാതാപിതാക്കൾക്ക് തന്നോട് ഇഷ്ടമില്ല. അദ്ധ്യാപകർക്ക് ഇഷ്ടമില്ല. എന്തിന് സഹപാഠികൾക്കുപോലും എന്നെ ഇഷ്ടമില്ലെന്ന് കരുതുന്ന കുട്ടികളുണ്ട്. അതിന് അവർതന്നെ കാരണവും കണ്ടെത്തിയെന്ന് വരാം. തനിക്ക് സൗന്ദര്യമില്ലാത്തതുകൊണ്ടാണ് തന്നെ ആരും സ്നേഹിക്കാത്തതെന്ന് കരുതുന്നവരുണ്ട്. മറ്റ് ചിലകുട്ടികൾ കരുതുന്നത് താൻ പഠിക്കാൻ മോശമായതുകൊണ്ട്

അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും തന്നോടിഷ്ടമില്ലെന്നാണ്. ഇവർ പറയുന്നതിൽ കാര്യമുണ്ടോയെന്നറിയാൻ വ്യക്തിപരമായി ഇവരോട് സംസാരിക്കുക തന്നെ വേണം. കുട്ടികൾ ഇങ്ങനെ പറയുന്നതിന് ഭൂരിപക്ഷം കേസുകളിലും അവരുടെ തോന്നലുകളാണെങ്കിലും ചിലതിലൊക്കെ അവർ പറയുന്നത് വാസ്തവമാണ്. ചില മാതാപിതാക്കൾക്ക് സ്നേഹം പ്രകടിപ്പിക്കുന്നത് എന്തോ കുറഞ്ഞ ഏർപ്പാടാണെന്ന് കരുതുന്നു. ചില അദ്ധ്യാപകർക്ക് കുട്ടികളെ സ്നേഹിക്കാനറിയില്ല. വഴക്കുപറയാനും ശിക്ഷിക്കാനും മാത്രമാണ് അവർ ട്രെയിനിംഗ് നേടിയിട്ടുള്ളത്. ഏതായാലും തങ്ങൾ സ്നേഹിക്കപ്പെടുന്നില്ല എന്ന തോന്നൽ കൗമാരക്കാർക്ക് ഉണ്ടായാൽ അത് അവരെ അപകടകരമായ ബന്ധങ്ങളിൽ കൊണ്ടു ചെന്നെത്തിക്കും. പ്രേമബന്ധങ്ങളിൽ ചെന്ന് ചാടുന്നതിൽ ഭൂരിപക്ഷം പേർക്കും മാതാപിതാക്കളിൽ നിന്ന് ശരിയായ സ്നേഹവാത്സല്യങ്ങൾ ലഭിക്കാത്തവരാണെന്ന് കാണാം. സ്നേഹിക്കപ്പെടുക എന്നത് മനുഷ്യന്റെ ഒരു അടിസ്ഥാന ആവശ്യമാണ്. അതു തക്കസമയത്ത്, നമ്മൾ പ്രതീക്ഷിക്കുന്ന തരത്തിൽ ലഭിച്ചില്ലെങ്കിൽ സ്നേഹം പിടിച്ചുവാങ്ങാൻ ശ്രമം നടത്തും. ഈ ശ്രമത്തിൽ കൗമാരക്കാരുടെ ജീവിതം തന്നെ ചിലപ്പോൾ കൈവിട്ടുപോയെന്നിരിക്കും. കൗമാരക്കാരുടെ ഇടയിൽ ആത്മഹത്യാനിരക്ക് കൂടുതലാണ്. അതിന്റെ ഒരു കാരണം കൗമാരക്കാരൻ പ്രതീക്ഷിക്കുന്ന തരത്തിൽ സ്നേഹവും സാന്ത്വനവും സമൂഹത്തിൽനിന്ന് ലഭിക്കാത്തതു കൊണ്ടാണ്. ഈ പ്രതിസന്ധിയിൽ നിന്ന് കൗമാരക്കാരെ രക്ഷിക്കാനുള്ള മാർഗ്ഗം അവരെ ഉൾക്കൊള്ളാനും അംഗീകരിക്കുവാനും, സ്നേഹവും സാന്ത്വനവും നല്കുവാനും ബന്ധപ്പെട്ടവർ തയ്യാറാകുക എന്നതാണ്.

**8. അന്തർമുഖത്തം**

കൗമാരത്തിൽ അനേക കുട്ടികൾ അന്തർമുഖികളായിത്തീരുന്നത് കാണാം. സമൂഹത്തിൽ താൻ ഒറ്റപ്പെട്ടവനാണെന്ന തോന്നൽ ഇവനുണ്ട്. താനെന്തെങ്കിലും പറഞ്ഞാൽ മറ്റുള്ളവർ കളിയാക്കുമോ എന്ന ഭയവുമുണ്ട്. ചോദ്യങ്ങൾക്ക് ഒറ്റവാക്കിൽ ഉത്തരം നല്കാനാണിവർ ശ്രമിക്കുക. പുസ്തകം വായിച്ച് പഠിച്ച് ജോലി നേടിയിരുന്ന കാലമൊക്കെ പോയി ഇപ്പോൾ അറിവിനെക്കാൾ സാമർത്ഥ്യത്തിനാണ് പ്രസക്തി. നാണം കുണുങ്ങികളും അന്തർമുഖരുമായവർക്ക് ഗ്രൂപ്പ് ചർച്ചകളിൽ പങ്കെടുക്കുന്നതിനും ഇന്റർവ്യൂവിൽ ശോഭിക്കാനുമൊക്കെ പ്രയാസമായിരിക്കും. കുട്ടികൾ ജനിച്ചു വളർത്തപ്പെടുന്ന സാഹചര്യമാണ് അവരെ അന്തർമുഖരും ബഹിർമുഖരുമൊക്കെയാക്കി മാറ്റുന്നത്. ഉദാഹരണത്തിന് അമിതമായ സംരക്ഷണമോ അമിതമായ ശകാരമോ ചെറുപ്രായത്തിൽ ലഭിച്ചാൽ അവർ അന്തർമുഖരായി വളരാൻ സാദ്ധ്യതയുണ്ട്.

തക്കസമയത്ത് വേണ്ട അളവിൽ നല്കുന്ന പ്രോത്സാഹനവും ശിക്ഷയുമാണ് ശരിയായ വ്യക്തിത്വ വളർച്ചയ്ക്ക് സഹായിക്കുന്നത്. ചെറിയ നേട്ടങ്ങൾ ഉണ്ടാക്കിയാൽ പോലും അഭിനന്ദിക്കുകയും പ്രോത്സാഹിപ്പിക്കുകയും വേണം. ബഹിർമുഖരായിട്ടുള്ള (എക്സ്ട്രോവേർട്ട്) കുട്ടികളെ സുഹൃത്തുക്കളായി കിട്ടിയാൽ ഇവർ കുറെയൊക്കെ അഭിവൃദ്ധിപ്രാപിക്കും. കുട്ടി

കൾക്ക് കൂടുതൽ സാമൂഹ്യ ബന്ധങ്ങളുണ്ടാക്കാൻ ശ്രമിക്കണം. സന്തോഷപ്രദമായ കുടുംബാന്തരീക്ഷം സൃഷ്ടിക്കണം.

**9. പഠനപ്രശ്നങ്ങൾ**

ജീവിതത്തിന്റെ പ്രധാനപ്പെട്ട ഒരു വഴിത്തിരിവാണ് കൗമാരം. തൊഴിൽ തിരഞ്ഞെടുക്കുന്നതിന്റെ ഭാഗമായി അതിനാവശ്യമായ പഠനശാഖയും തിരഞ്ഞെടുക്കുന്നതും ഈ കാലഘട്ടത്തിലാണല്ലോ. കൗമാരപ്രായം കഴിഞ്ഞുള്ള പഠനകാലഘട്ടങ്ങളിൽ അതായത് ഡിഗ്രിക്കോ പോസ്റ്റ് ഗ്രാജുവേഷനോ പഠിക്കുമ്പോൾ പഠനപ്രശ്നങ്ങൾ ഉണ്ടാകാറില്ല. കൗമാരത്തിലുണ്ടാകുന്ന പഠനപ്രശ്നങ്ങൾ ജീവിതത്തിന്റെ വളർച്ചയെത്തന്നെ ബാധിക്കും.

പഠിക്കുവാനുള്ള താല്പര്യമില്ലായ്മക്ക് പല കാരണങ്ങളുണ്ട്. കുട്ടികളുടെ അഭിരുചിക്കനുസരിച്ചുള്ള വിഷയങ്ങളായിരിക്കണം പഠിപ്പിക്കുന്നത്. വേണ്ടത്ര പ്രോത്സാഹനം ലഭിക്കാത്തതും പഠിക്കുവാനുള്ള താത്പര്യം കുറക്കും. കൗമാരക്കാർ പഠനം ഉഴപ്പുന്നുണ്ടെങ്കിൽ അതിന്റെ പ്രധാനകാരണം ശരിയായ ലക്ഷ്യബോധമില്ലാത്തതാണ്. ഓ, പഠിച്ചിട്ടെന്തുകിട്ടാനാ- എന്ന് ചോദിക്കുന്ന കൗമാരക്കാരെ കാണാം. ഭാവിയെക്കുറിച്ച് പ്രത്യാശയില്ലാത്ത കുട്ടികൾക്ക് ക്ലാസ്സിൽ ശ്രദ്ധിക്കുവാൻ കഴിയില്ല. പഠനവും പരീക്ഷയിലെ വിജയവുമൊക്കെ കുട്ടികൾ ക്ലാസിൽ ശ്രദ്ധിച്ചിരുന്നെങ്കിൽ മാത്രമെ കൈവരിക്കുകയുള്ളൂ. പഠിക്കുന്ന വിഷയങ്ങളിൽ താത്പര്യമുണ്ടെങ്കിൽ മാത്രമെ കുട്ടികൾ ശ്രദ്ധിച്ചിരിക്കുകയുള്ളൂ. കുട്ടികൾക്ക് താത്പര്യമുണ്ടെങ്കിൽ അവർക്ക് വേണ്ടത്ര മോട്ടിവേഷൻ (പ്രചോദനം ) ലഭിച്ചിരിക്കണം.

അപ്പോൾ കൗമാരക്കാരുടെ പഠനപ്രശ്നങ്ങളുടെ പ്രധാന പരിഹാരമാർഗ്ഗം അവർക്ക് നല്ല മോട്ടിവേഷൻ കൊടുക്കുക എന്നതാണ്. ഇതിന് അദ്ധ്യാപകരും മാതാപിതാക്കളും പാഠ്യപദ്ധതിയുമെല്ലാം അനുകൂലമായിരിക്കണം. പഠനം, പരീക്ഷ, ഓർമ്മശക്തി മുതലായ വിഷയങ്ങൾ യൂണിറ്റ് XI-ൽ വിശദമായി ചർച്ച ചെയ്യുന്നുണ്ട്.

**10. മാധ്യമങ്ങളുടെ ദുസ്വാധീനം**

മാധ്യമങ്ങളുടെ സ്വാധീനം ഗുണവും ദോഷവും കുട്ടികൾക്കുണ്ടാക്കുന്നു. കലാ സാംസ്കാരിക കായിക രംഗത്തെക്കുറിച്ച് കുട്ടികൾക്ക് ഗുണപരമായ ധാരാളം കാര്യങ്ങൾ എത്തിച്ചു നല്കുന്ന കാര്യത്തിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് വലുതാണ്. കൗമാരക്കാരുടെ ചിന്താധാരയെയും പെരുമാറ്റത്തെയും വളരെ പ്രതികൂലമായി സ്വാധീനിക്കുന്ന കാര്യത്തിലും മാധ്യമങ്ങൾ വലിയ പങ്ക് വഹിക്കുന്നു. ഉദാഹരണത്തിന് വിവിധ കമ്പനികളുടെ പരസ്യങ്ങളിൽ പ്രത്യക്ഷപ്പെടുന്ന മോഡലുകൾ എല്ലാവരും സുന്ദരന്മാരും സുന്ദരികളുമായിരിക്കും (അല്ലെങ്കിൽ കനത്ത മേക്കപ്പിട്ട് അങ്ങനെ ആക്കും) സൗന്ദര്യം കുറവുള്ളവർ ഇത് നിരന്തരം കണ്ടാൽ ഈ ലോകത്തിന് സൗന്ദര്യമില്ലാത്ത തന്നെ ആവശ്യമില്ലെന്ന ധാരണ ഉണ്ടായേക്കും. അതുപോലെ

ടെൻഷൻ വന്നാൽ ഉടൻ മദ്യക്കുപ്പിയെ ആശ്രയിക്കണം എന്നാണ് മിക്ക സിനിമകളും, സീരിയലുകളും നല്കുന്ന സന്ദേശം. ഗുണ്ടകളെയും കൊലയാളികളെയും മഹത്വവല്ക്കരിക്കുകയും ആരാധിക്കുകയും ചെയ്യുന്ന സാഹചര്യവും മാധ്യമങ്ങൾ സൃഷ്ടിക്കാറുണ്ട്. ഇതെല്ലാം കൗമാരക്കാരനിൽ വളരെ ഗുരുതരമായ വിപരീതഫലമുണ്ടാക്കിയേക്കാം.

കൗമാരക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുന്നതിലല്ല കാര്യം, അവർക്ക് നല്ല മാതൃക മാതാപിതാക്കളും അദ്ധ്യാപകരും കാണിച്ചുകൊടുക്കുകയും വേണം. ഏതു തല്ലിപ്പൊളി വിദ്യാർത്ഥിയെയും ഒരു മാതൃകാ അദ്ധ്യാപകന് നേരെയാക്കിയെടുക്കാം. കുട്ടികൾ വികൃതി കാണിക്കുമ്പോൾ അവരെ ശപിച്ച് അവരുടെ ഭാവി തകർക്കുന്ന അദ്ധ്യാപകരുമുണ്ട്. ക്രിസ്തീയ വിശ്വാസികളെ സംബന്ധിച്ചടത്തോളം കൗമാരക്കാരന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ കഴിയുന്നവർ അവരുടെ മാതാപിതാക്കളും സഭാ ശുശ്രൂഷകരുമാണ്. ചില സഭാ ശുശ്രൂഷകന്മാർ കൗമാരക്കാരെ തലതെറിച്ചവരെന്ന നിലയിൽ ശാസിക്കാൻ നോക്കും. മറ്റ് ചിലർ കൈമടക്ക് തരാൻ നിവൃത്തിയില്ലാത്ത വിഭാഗമായതുകൊണ്ട് കൗമാരക്കാരെ അവഗണിക്കാറുണ്ട്. എന്നാൽ ദൈവ കൃപയുള്ളവരും സാമൂഹ്യബോധമുള്ളവരും ചെറുപ്പക്കാരെ ചേർത്ത് പിടിച്ച് അവർക്കാവശ്യമായ അംഗീകാരവും സാന്ത്വനവും നൽകും. സുവിശേഷ പ്രവർത്തനത്തിന് പങ്കുകാരാക്കുവാനും പരസ്യയോഗത്തിന് പോകാനും ഈ കൗമാരക്കാർ മുമ്പന്തിയിൽ ഉണ്ടാകും. ആ സഭ ഇവർ മുഖാന്തിരം അനുഗ്രഹിക്കപ്പെടും. സഭാ ശുശ്രൂഷകൻ കൗമാരക്കാരുടെ മനസ്സിലേക്ക് ഇറങ്ങി ചെല്ലുവാനും അവരെ ഉൾക്കൊള്ളുവാനും തയ്യാറാകാണമെന്ന് മാത്രം.

## LETTER TO THE EDITOR

Dear sister Annamma,

I love VANITHA. she is so beautiful.
Her front picture is wonderful and adorable. All the articles are meaningful and worth reading. Your testimony article is very touching and worth following. Altogether our VANITHA is getting more and more adorable. Praise the Lord.

May the Lord keep her shining in this dark world and let more people come forward to read it and be blessed.

Elsie Baby
U.S.A.

# Quest – 31

(ഈ ലക്കം Quest-ലെ ചോദ്യങ്ങൾ യോഹന്നാൻ സുവിശേഷത്തിൽ നിന്നാണ്)

1 . നസറേത്തിൽ നിന്നും വല്ല നന്മയും വരുമോ എന്ന് ചോദിച്ചത് ആരാണ്?
2 . അവനോടുകൂടെ മരിക്കേണ്ടതിന് നാമും പോക എന്ന് പറഞ്ഞത് ആര്?
3 . ക്ലെയോപ്പാവിന്റെ ഭാര്യയുടെ പേര്?
4 . ഫിലിപ്പോസ് ഏത് പട്ടണത്തിലുള്ളവൻ?
5 . യാക്കോബ് തന്റെ പുത്രനായ യോസേഫിനു കൊടുത്ത നിലം എവിടെയാണ്?
6 . പ്രവാചകനു തന്റെ പിതൃദേശത്തു ബഹുമാനം ഇല്ല എന്ന് സാക്ഷ്യം പറഞ്ഞത് ആര്?
7 . യേശു യെഹൂദന്മാരുടെ ഇടയിൽ പരസ്യമായി നടക്കാതെ അവിടം വിട്ട് പോയി താമസിച്ച സ്ഥലം?
8 . നീ ഇവനെ വിട്ടയച്ചാൽ ..................... സ്നേഹിതൻ അല്ല?
9 . വിദ്യാഭ്യാസം ചെയ്യാത്ത ഇവൻ ശാസ്ത്രം അറിയുന്നതു എങ്ങനെ എന്ന് ആശ്ച ര്യപ്പെട്ടത് ആര്?
10. നന്മ ചെയ്തവർ ജീവന്നായും തിന്മ ചെയ്തവർ ന്യായ വിധിക്കായും ...................... ചെയ്‌വാനുള്ള നാഴിക വരുന്നു?
11. ഗലീലക്കടലിന്റെ മറ്റൊരു പേര്?
12. യെരുശലേമിൽ ആട്ടുവാതില്ക്കൽ ഉള്ള കുളത്തിന്റെ പേര്?
13. യേശുവിനെ പിടിച്ചുകെട്ടി ഒന്നാമത് ആരുടെ അടുക്കൽ കൊണ്ടുപോയി?
14. ഞാൻ മനുഷ്യരോടു ................... വാങ്ങുന്നില്ല?
15. ദിദിമോസിന്റെ മറ്റൊരു പേര് എന്ത്?
16. കല്ത്തളം എന്ന വാക്കിന്റെ എബ്രായ ഭാഷ ഏത്?
17. യിസ്രായേലിന്റെ ഉപദേഷ്ടാവ് ആര്?
18. റബ്ബൂനി എന്ന വാക്ക് ഏത് ഭാഷയാണ്?
19. എന്റെ അപ്പം തിന്നുന്നവൻ എന്റെ നേരെ ................ ഉയർത്തിയിരിക്കുന്നു?
20. ശീലോഹാം എന്ന വാക്കിന്റെ അർത്ഥം?

**പ്രത്യേക ശ്രദ്ധയ്ക്ക്**

Quest 31 ന്റെ ഉത്തരങ്ങൾ റഫറൻസു സഹിതം 2013 August 20നകമായി ഞങ്ങൾക്കു ലഭിക്കത്തക്കവിധം അയയ്ക്കണമെന്നു അഭ്യർത്ഥിക്കുന്നു.

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം:**

ക്രൈസ്തവ വനിത ക്വിസ്
ഗുഡ്ന്യൂസ്, ആക്കുളം റോഡ്
തിരുവനന്തപുരം, കേരള 695 031.

## Quest -30 ന്റെ ഉത്തരങ്ങൾ

1. അബിയാക്കൂർ - ലൂക്കോസ് 1:5
2. ദുഷ്ടദാസനേ - ലൂക്കോസ് 19:22
3. ബേഥാന്യ - ലൂക്കോസ് 24:50
4. ന്യായശാസ്ത്രിമാരോട് - ലൂക്കോസ് 11:52
5. സെഖര്യാവ് - ലൂക്കോസ് 11:50
6. ഹേലി - ലൂക്കോസ് 3:24
7. ആശേർ - ലൂക്കോസ് 2:36
8. ഗൂഢമായത് - ലൂക്കോസ് 12:2
9. യാരെദ് - ലൂക്കോസ് 3:37
10. കഴുക്കൾ - ലൂക്കോസ് 17:37
11. 18 - ലൂക്കോസ് 13:4
12. 7 - ലൂക്കോസ് 24:13
13. യേശു - ലൂക്കോസ് 9:55
14. തെയോഫിലൊസേ - ലൂക്കോസ് 1:1
15. 10 കുഷ്ഠരോഗികൾ - ലൂക്കോസ് 17:13
16. ബേത്ത്ലേഹെം - ലൂക്കോസ് 2:5
17. പരീശന്മാരും, ന്യായശാസ്ത്രിമാരും - ലൂക്കോസ് 7:30
18. തെക്കെ രാജ്ഞി - ലൂക്കോസ് 11:31
19. ശിമ്യോൻ - ലൂക്കോസ് 2:25
20. ഹെരോദാവ് - ലൂക്കോസ് 13:31

### QUEST 30- ന്റെ മുഴുവൻ ശരി ഉത്തരം അയച്ചവർ

1. ലീല ഫ്രെഡറിക്, പുതിയങ്ങാടി, കോഴിക്കോട്
2. അന്നമ്മ എബ്രഹാം, പെരുമാന്നൂർ, കൊച്ചി
3. ജിജി റോയി, മാഞ്ഞൂർ, കോട്ടയം
4. മിസ്റ്റർ സി.എം.മാമ്മൻ, അണുശക്തി നഗർ, മുംബൈ
5. ഗ്രേസ് ശാമുവേൽ, ഓമല്ലൂർ, പത്തനംതിട്ട
6. ജെസി മോൻസൺ, കരിയംപ്ലാവ്, തിരുവല്ല
7. മിസ്സിസ് മേഴ്സി ജോർജ്ജ്, മണ്ണൂത്തി, തൃശ്ശൂർ
8. പി. ബേബി ഇട്ടി, വൽസാഡ്, ഗുജറാത്ത്
9. മറിയാമ്മ മാത്യു, കിഴക്കുംപാട്ടുകര, തൃശ്ശൂർ
10. സൻജു സൂസൻ സെബാസ്റ്റ്യൻ, മന്നാറപ്പു, കളിയിക്കാവിള
11. ഏലിയാമ്മ ജോർജ്ജ്, പൊടിപ്പാറ, ഇരവിപേരൂർ
12. സൂസമ്മ ജോൺ, കല്ലൂർ ഹെർമൺ, നാലാഞ്ചിറ
13. അച്ചാമ്മ മാത്യു, പട്ടം, തിരുവനന്തപുരം
14. വത്സമ്മ സാം, മരുതൂർ, തിരുവനന്തപുരം

Quiz Master

# ഗുഡ് ന്യൂസ് ലൈബ്രറി



കഴിഞ്ഞ 35 വർഷങ്ങളായി ഉള്ളൂർ- ആക്കുളം റോഡിലുള്ള പ്രശാന്ത് നഗർ ജംഗ്ഷനിൽ പ്രവർത്തിച്ചു വരുന്ന ഗുഡ്ന്യൂസ് ലൈബ്രറിയിലേക്ക് ക്രൈസ്തവ വനിതയുടെ വായനക്കാരെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു. തിങ്കൾ മുതൽ വെള്ളി വരെ ഉച്ചയ്ക്ക് 2 മണി മുതൽ വൈകുന്നേരം 6 മണിവരെ ലൈബ്രറി പ്രവർത്തിക്കുന്നു. ആയുഷ്ക്കാല വരിസംഖ്യയായ 100 രൂപ നല്കി ലൈബ്രറിയിൽ അംഗത്വം നേടാവുന്നതാണ്. ഇംഗ്ലീഷിലും മലയാളത്തിലുമുള്ള വിവിധ സെക്കുലർ പ്രസിദ്ധീകരണങ്ങളും, ക്രൈസ്തവ പ്രസിദ്ധീകരണങ്ങളും വായനക്കാർക്കു ലഭ്യമാണ്. എൻസൈക്ലോപീഡിയ, ഡിക്ഷനറികൾ, ബൈബിൾ സ്റ്റഡിബുക്കുകൾ, ജീവചരിത്രങ്ങൾ, വിവിധ വേർഷനിലുള്ള ബൈബിളുകൾ മുതലായവ ലൈബ്രറിയിൽ ലഭ്യമാണ്. അത്യുത്തമമായ നിരവധി ദേശീയ, അന്തർദേശീയ ഗ്രന്ഥങ്ങൾ, മാസികകൾ, നിഘണ്ടുക്കൾ, കുട്ടികൾക്കുള്ള പുസ്തകങ്ങൾ മുതലായവ ഞങ്ങളുടെ അമൂല്യ ഗ്രന്ഥ ശേഖരത്തിൽ ഉൾപ്പെടുന്നു. വിജ്ഞാനത്തെ സ്നേഹിക്കുന്നവരും വിജ്ഞാനത്തിലൂടെ വിജയികളാകുവാനാഗ്രഹിക്കുന്നവരും അറിവിന്റെ സാഗരമായ ഞങ്ങളുടെ ലൈബ്രറി എത്രയും പെട്ടെന്ന് സന്ദർശിക്കുക.

The Librarian
Good News Library
Akkulam Road, Trivandrum - 695031
Ph: 0471- 2448079
Email : jamesmudakayam@gnmindia.org